# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.എം1-1331/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മരട് മുനിസിപ്പാലിറ്റി

സർ,

വിഷയം : മരട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ഇ.കെ.എം.എം1-1331/22 തീയ്യതി: 16/08/2022

## എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മിനിമോൾ കെ. ജി. | ജോയിന്റ് ഡയറക്ടർ | 11-07-2022 | 21-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-07-2022 | 21-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. മോളി ജെയിംസ് | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർപേഴ്സൺ | 12-11-2020 | 27-12-2020 |

| | | | |
|---|---|---|---|
| ശ്രീ.ആൻറ്റണി ആശാംപറമ്പിൽ | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ.എം മുഹമ്മദ് ആരിഫ് ഖാൻ | സെക്രട്ടറി | 01-04-2020 | 05-02-2021 |
| ശ്രീ.ബിജു എം കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-02-2021 | 21-02-2021 |
| ശ്രീമതി.രേണുകദേവി ജി | സെക്രട്ടറി | 22-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുഭാഷ്.ജി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 22-06-2020 |
| ശ്രീ.ബിജു.എം.കെ | മുനിസിപ്പൽ എഞ്ചിനീയർ | 23-06-2020 | 31-03-2021 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി നെട്ടൂർ | 01-04-2020 | 31-03-2021 |
| ഡോ.ബാലുഭാസി. | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി വളന്തക്കാട് | 01-04-2020 | 31-03-2021 |
| ഡോ.ഹീര സാബു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.രാജേശ്വരി.സി.എൽ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.രേഖ.എസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ചിത്ര.കെ.പിള്ള | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സീന അഗസ്റ്റിൻ.പി.എ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 08-11-2020 |
| ശ്രീമതി.മിലി ഗോപിനാഥ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 09-11-2020 | 31-03-2021 |
| ശ്രീമതി.മോളി.പി.യു | ഹെഡ് മിസ്ട്രസ്.ജി.എച്ച്.എസ്.എസ്.മാങ്കായിൽ | 01-04-2020 | 31-05-2020 |
| ശ്രീമതി.ആശ കെ കെ | ഹെഡ് മിസ്ട്രസ്.ജി.എച്ച്.എസ്.എസ്.മാങ്കായിൽ | 01-06-2020 | 16-09-2020 |
| ശ്രീ.ചന്ദ്രൻ എം പി | ഹെഡ് മാസ്റ്റർ .ജി.എച്ച്.എസ്.എസ്.മാങ്കായിൽ | 17-09-2020 | 31-03-2021 |
| ശ്രീമതി.സതി.എ.സി | ഹെഡ് മിസ്ട്രസ്.ജി.എൽ.പി.എസ്.മാങ്കായിൽ | 01-04-2020 | 31-03-2021 |
| ശ്രീ.ആന്റെണി ജയൻ | പ്രിൻസിപ്പാൾ ജി.വി.എച്ച് എസ്.എസ്, മാങ്കായിൽ | 01-04-2020 | 31-03-2021 |
| ശ്രീമതി ശാന്തിനി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| .എൻ,പി | | | |
| ശ്രീ.വിൽസൺ.സി.ജെ | പ്രോജക്ട് ഓഫീസർ | 01-04-2020 | 26-07-2020 |
| ശ്രീമതി അഖില എസ് ശങ്കർ | പ്രോജക്ട് ഓഫീസർ | 27-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 12-07-2022)<br>Last Updated By: Bindu L (Computer Assistant, On 12-08-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Bindu L (Computer Assistant, On 12-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-5 |
| 7 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Raj N.C (Computer Assistant, On 16-08-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Aneesh T S (Auditor, On 12-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: N.Vijayakumar (Audit Officer (HG), On 01-08-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-9 |
| 11 | രസീതു ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Hareesh P.R (Auditor, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-9-1 |
| 12 | സ്യൂട്ട് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ<br>Written By: Hareesh P.R (Auditor, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-9-2 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-10 |
| 14 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-11 |
| 15 | സ്വകാര്യ വണ്ടി താവളങ്ങളുടെ ലൈസൻസ് ഫീസ്<br>Written By: Aneesh T S (Auditor, On 22-07-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 1-12 |
| 16 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 22-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-13 |
| 17 | പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകകളുടെ വിവരം സംബന്ധിച്ച്<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-14 |
| 18 | വൃക്ക രോഗികൾക്ക് ഡയാലിസിസ് -അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 21-07-2022) | 1-15 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 16-08-2022) | |
| 19 | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്‌പെൻസറി - സർക്കാർ ഉത്തരവിനു വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങി.<br>Written By: Mercy KP (Auditor, On 20-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-16 |
| 20 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- നഗരസഭ കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി ഉയർന്ന വിലയ്ക്ക് വാങ്ങൽ നടത്തി.<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-17 |
| 21 | സി.എഫ്.എൽ, ട്യൂബ് സെറ്റ്, സോഡിയം ലൈറ്റുകൾ എന്നിവ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ ആക്കുന്നത്<br>Written By: N.Vijayakumar (Audit Officer (HG), On 23-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-18 |
| 22 | ജയനഗർ മുതൽ മാർട്ടിൻപുരം വരെ റോഡ് നവീകരണം -ടൈൽ വിരിച്ച അളവിലുള്ള വ്യത്യാസം - വിശദീകരണം ലഭ്യമാക്കേണ്ടത്<br>Written By: N.Vijayakumar (Audit Officer (HG), On 23-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-19 |
| 23 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 23-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-20 |
| 24 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് - സംബന്ധിച്ച്<br>Written By: N.Vijayakumar (Audit Officer (HG), On 23-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-21 |
| 25 | നഗരസഭ ജനറൽ കമ്മിറ്റി - മിനിട്ട്സ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 23-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 12-08-2022) | 1-22 |
| 26 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 23-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 12-08-2022) | 1-23 |
| 27 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 23-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-24 |
| 28 | മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 21-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 12-08-2022) | 1-25 |
| 29 | ഹോമിയോ ഡിസ്‌പെൻസറി- മരുന്ന് വാങ്ങൽ<br>Written By: Babitha B Kumar (Senior Grade Auditor, On 21-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 12-08-2022) | 1-25-1 |
| 30 | PHC വളന്തകാട് - മരുന്ന് വാങ്ങൽ<br>Written By: Babitha B Kumar (Senior Grade Auditor, On 21-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 12-08-2022) | 1-25-2 |
| 31 | പാലിയേറ്റീവ് കെയർ -PHC വളന്തകാട്<br>Written By: Babitha B Kumar (Senior Grade Auditor, On 21-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 12-08-2022) | 1-25-3 |
| 32 | ഫ്ലോട്ടിംഗ് ഡിസ്‌പെൻസറിക്ക് മരുന്ന് വാങ്ങൽ<br>Written By: Babitha B Kumar (Senior Grade Auditor, On 21-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 12-08-2022) | 1-25-4 |
| 33 | PHC നെട്ടൂർ - മരുന്ന് ,ഗ്ലൂക്കോസ് സ്ട്രിപ്പ് വാങ്ങൽ<br>Written By: Babitha B Kumar (Senior Grade Auditor, On 21-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 12-08-2022) | 1-25-5 |

| | | |
|---|---|---|
| 34 | പാലിയേറ്റീവ് കെയർ -PHC നെട്ടൂർ<br>Written By: Babitha B Kumar (Senior Grade Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-25-6 |
| 35 | എ.ബി.സി പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-26 |
| 36 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - അധികം നല്കിയ തുക തിരികെ ലഭ്യമാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-27 |
| 37 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർ ടാങ്ക് - കരാർ നല്കിയത് സുതാര്യമല്ല<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-28 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അധികം നല്കിയ തുക തിരികെ ലഭ്യമാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-29 |
| 39 | പട്ടികജാതി വനിതകൾക്ക് ഡ്രൈവിംഗ് ലൈസൻസ്- പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-30 |
| 40 | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർ ടാങ്ക് - അധിക സബ്സിഡി നല്കി<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-31 |
| 41 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്കും പെൻഷൻ വിതരണം നടത്തുന്നു.<br>Written By: Mercy KP (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-32 |
| 42 | നായകളുടെ ലൈസൻസ്- പേവിഷബാധ നിർമാർജ്ജനം- കോ-ഓർഡിനേഷന്റെ അഭാവം<br>Written By: Mercy KP (Auditor, On 20-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-33 |
| 43 | നഗരസഭയിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകുന്നതിലെ അപാകതകൾ<br>Written By: Aneesh T S (Auditor, On 22-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-34 |
| 44 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Mercy KP (Auditor, On 20-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-35 |
| 45 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി - ബാധകമല്ലാത്ത ജി.എസ്.ടി. നൽകി<br>Written By: Mercy KP (Auditor, On 20-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-36 |
| 46 | തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസ് അടവാക്കൽ- പദ്ധതി നിർവ്വഹണം നടത്തിയതിന്റെ മുഴുവൻ വിശദാംശങ്ങളുമില്ല<br>Written By: Dheeraj J (Audit Officer, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-37 |
| 47 | ക്വട്ടേഷൻ നടപടിക്രമം പാലിക്കാതെ സാധനങ്ങൾ വാങ്ങി.<br>Written By: Dheeraj J (Audit Officer, On 26-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 13-08-2022) | 1-38 |
| 48 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല | 1-39 |

| | | |
|---|---|---|
| | .<br>Written By: Dheeraj J (Audit Officer, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | |
| 49 | ഹയർ സെക്കന്ററി സ്കൂളിലേക്ക് വാങ്ങി വിതരണം ചെയ്ത ഫർണ്ണിച്ചറിന്റെ സ്റ്റോക്ക് വിശദാംശങ്ങളില്ല.<br>Written By: Dheeraj J (Audit Officer, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-40 |
| 50 | ലാപ്പ്ടോപ്പിന് വേണ്ടി നൽകിയ തുകക്കുള്ള ഇൻവോയിസ് ലഭ്യമാക്കിയില്ല.<br>Written By: Dheeraj J (Audit Officer, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-41 |
| 51 | കുട്ടികൾക്ക് വേണ്ടി വാങ്ങിയ കായിക ഉപകരണങ്ങൾ ലഭിച്ച് ഒരു വർഷത്തിലധികമായിട്ടും ഉപയോഗപ്പെടുത്തിയില്ല.<br>Written By: Dheeraj J (Audit Officer, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-42 |
| 52 | എൽ പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Dheeraj J (Audit Officer, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-43 |
| 53 | പ്രൊക്യൂർമെന്റ് കമ്മറ്റി പ്രവർത്തനം നടക്കാത്തത് സംബന്ധിച്ച്.<br>Written By: Dheeraj J (Audit Officer, On 26-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-44 |
| 54 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നഗരസഭയുടെ പങ്ക്<br>Written By: Aneesh T S (Auditor, On 25-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-45 |
| 55 | ഇൻസിനറേറ്റർ സ്ഥാപിക്കൽ- സർക്കാരിൽ നിന്നും മുൻകൂർ അംഗീകാരം വാങ്ങിയിട്ടില്ല.<br>Written By: Mercy KP (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 1-46 |
| 56 | വാർഡ് സഭകളുടെ നടത്തിപ്പ് – അപാകതകൾ<br>Written By: Hareesh P.R (Auditor, On 26-07-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 14-08-2022) | 1-47 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- നഗരസഭ കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി ഉയർന്ന വിലയ്ക്ക് വാങ്ങൽ നടത്തി.<br>Written By: Joseph George (Senior Grade Auditor, On 19-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 3-1 |
| 2 | ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് സർക്കാർ ഉത്തരവിനു വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങി.<br>Written By: Mercy KP (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Aneesh T S (Auditor, On 21-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജുകളുടെ വിവരം<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 21-07-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-08-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Aneesh T S (Auditor, On 12-07-2022)<br>Last Updated By: Joby George (Computer Assistant, On 16-08-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 15.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 65888548 | 59696438.22 |
| വരവ് | 627003000 | 322213544 |
| ആകെ | 692891548 | 3819009982.22 |
| ചെലവ് | 660076000 | 266876148 |
| നീക്കിയിരുപ്പ് | 32815548 | 115033834.22 |

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021. | 29.06.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

മരട് നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 വർഷം ചെലവില്ല എന്ന് രേഖപ്പെടുത്തിട്ടുള്ള പല പദ്ധതികളിലെയും (പ്രധാനമായും തനത് ഫണ്ട് വകയിരുത്തൽ) ചെലവ് 2020-21 സാമ്പത്തിക വർഷം നടന്നിട്ടുണ്ട്. ഇതിനാൽ യഥാർത്ഥ പദ്ധതി ചെലവും സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം വന്നിട്ടുണ്ട്. ഉദാ.പ്രോജക്ട് നമ്പർ -266/21
2. വാർഷിക കണക്ക് RP-40(b) പ്രകാരമുള്ള ട്രഷറി TPA അക്കൗണ്ടിലെ (A/c No.288) 31/03/2021 ലെ നീക്കിയിരുപ്പ് 30,345/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പരിശോധിച്ചതിൽ ഈ അക്കൌണ്ടിന്റെ അവസാനത്തെ എൻട്രി രേഖപ്പെടുത്തിയിരിക്കുന്നത് 31/03/2012 ലാണ്. കഴിഞ്ഞ 9 വർഷമായി ഈ പാസ്സ്ബുക്കിൽ വരവ് ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല. ട്രഷറിയിൽ ഇത് സംബന്ധിച്ച് നൽകിയ കത്ത് പ്രകാരം ഈ അക്കൌണ്ട് നിലവിലില്ല എന്നറിയിച്ചതായി പറയുന്നു. ഈ അക്കൌണ്ടിലെ നീക്കിയിരുപ്പ് തുകയുടെ നിലവിലെ സ്ഥിതിവിവരകണക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

3. വാർഷിക കണക്ക് RP-40(b) പ്രകാരമുള്ള Axis Bank (PMAY) ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. Bank Of India (PF A/c), Bank Of Baroda (NULM), പഞ്ചാബ് നാഷണൽ ബാങ്ക് (തനത് ഫണ്ട്) അക്കൗണ്ടുകളിലെ റിക്കൺസിലിയേഷൻ കൃത്യമല്ല. 2014-15 സാമ്പത്തിക വർഷം മുതൽ നൽകിയതും ലഭിച്ചതുമായ ചെക്കുകളും ട്രാൻസ്ഫറുകളും Outstanding വിഭാഗത്തിലാണ് നിലവിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ യഥാർത്ഥത്തിൽ വരവുവന്നിട്ടുണ്ടോ, ചെക്ക് പ്രകാരമുള്ള തുകകൾ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ എന്നീ കാര്യങ്ങളിൽ തീർച്ചയില്ല. റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ പല വരവ്-ചെലവ് തുകകളുടേയും ചെക്ക്/ഡി.ഡി. നം., തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4. നഗരസഭയുടെ നികുതി, നികുതിയേതര വരുമാന സ്രോതസ്സുകളുടെ ഡിമാന്റ് തയ്യാറാക്കിയിരിക്കുന്നതും യഥാർത്ഥത്തിൽ ഈയിനങ്ങളിൽ ലഭിക്കേണ്ടതുമായ തുകകളുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല. ഒരു വരവിനത്തിലും കൃത്യമായ ഡിമാന്റ് തയ്യാറാക്കിയല്ല വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം, ബിൽഡിംഗ് പെർമിറ്റ്,ലൈസൻസ് ഫീസ് എന്നിവയുൾപ്പെടെയുള്ള വരവുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള ആകെ തുകകളും രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. ഓരോ വരവിനങ്ങളിലും ലഭിക്കുന്ന തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കൃത്യമായി പോസ്റ്റ് ചെയ്യപ്പെടുന്നില്ല.

5.Balance Sheet-B-15 Other Receivable (Current) 17,09,544/-, Other Receivable (Arrears) Rs.1,65,91,849/- എന്നീയിനങ്ങളിൽ വലിയ തുകകൾ ലഭിക്കാനുള്ളതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഈ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

6.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്ക് ഫെസ്ററിവൽ അഡ്വാൻസ് നൽകുന്നതൊഴികെ ഓഫീസ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളോ

തിരികെ ലഭിക്കുന്ന തുകകളോ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം 2020-21 ൽ നൽകിയ Other Loans And Advances To Employees-Rs.50,000, Miscellaneous Advance-Rs.527137/- എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് ജോലിയുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് സംബന്ധമായ (പ്രധാനമായും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ) ജോലികൾക്ക് ഫയലുകൾ പ്രകാരം 390484/-രൂപ 2020-21 ൽ നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ ഇവ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല. വിവിധ സാമ്പത്തിക വർഷങ്ങളിലായി മുൻകൂർ നൽകിയ തുകകൾ പലതും ഫയൽ ലഭ്യമാക്കി ക്രമീകരിക്കാത്തതിനാൽ അഡ്വാൻസായി തന്നെ അവശേഷിക്കുന്നു.

7. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Items-Property Tax, Licence Fees, Profession Tax, Other Income ഉൾപ്പടെയുള്ള Prior Period Items എന്ന ഇനത്തിലുള്ള 1,63,13,018/-രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

8. നഗരസഭക്ക് പൊതുവായി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ സെക്ഷനുകളുമായി ബന്ധപ്പെട്ട ഡെപ്പോസിറ്റുകൾ അതാത് സെക്ഷനുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വാർഷിക കണക്കുകൾ പ്രകാരമുള്ള എല്ലാ ഡെപ്പോസിറ്റുകളുടെയും വിവരങ്ങൾ ലഭ്യമല്ല. തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ള പല രസീതികളും രജിസ്റ്ററിൽ ചേർത്തിരുന്നില്ല. അതുപോലെ തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങളും രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 59696438.22 |
| വരവ് | 322213544 |
| ആകെ | 381909982.22 |
| ചെലവ് | 266876148 |
| നീക്കിയിരിപ്പ് | 115033834.22 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 103660 |
| തടസ്സപ്പെടുത്തിയ തുക | 51,78,942 |

## 1-4 ഫണ്ട് വിനിയോഗം

| നം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,64,31,101 | 4,64,31,101 | 4,19,97,351 | 0 | 4433750 |
| വികസനഫണ്ട് എസ്.സി.പി. | 0 | 15825000 | 15825000 | 13130179 | 0 | 2694821 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 850000 | 850000 | 535520 | 0 | 314480 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 11574000 | 11574000 | 11573860 | 0 | 140 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 9057454 | 9057454 | 8943819 | 0 | 113635 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 79034716 | 79034716 | 43845632 | 0 | 35189084 |
| പ്രോജക്ട് ഗ്രാന്റ് 320802000 | 988822 | 2161424 | 3150246 | 559250 | 2590996 | |
| കേന്ദ്രസർക്കാർ ഗ്രാന്റ് 320100100 | 4811421 | 17022807 | 21834228 | 8043577 | 13790651 | |
| മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് 320809900 | 250000 | 0 | 250000 | 0 | 250000 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 410 | 267747440 | 278 | 164536215 | 175 | 103 | 132 | 42.68% |

## 1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 161784 | 5083857 | 5245641 | 524750 | 1028458 |
| ഗുണഭോക്താക്കൾക്ക് നല്കിയത് | 0 | 0 | 0 | 3692433 | |
| ആകെ | 161784 | 5083857 | 5245641 | 4217183 | 1028458 |

ബാങ്ക് പാസ് ബുക്ക് പ്രകാരം മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എ.എഫ്.എസുമായി 3 രൂപയുടെ വ്യത്യാസമുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3600 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 1844400 | 124 |
| വിധവാപെൻഷൻ | 20358400 | 1342 |
| വാർദ്ധക്യകാലപെൻഷൻ | 43270000 | 3180 |
| വികലാംഗപെൻഷൻ | 4382800 | 308 |
| വിവാഹധനസഹായം | 120000 | 4 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1237100 | 87 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2022 -ന് ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,192/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1 നഗരസഭയിലെ സുപ്രധാന രേഖയായ ജനറൽ കമ്മിറ്റി മിനിട്ട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ഓഡിറ്റ് കാലയളവിൽ നഗരസഭയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുകയോ, മിനിട്ട്സ് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തന്മൂലം പർച്ചേസിംഗുകളിൽ വളരെയധികം അപാകങ്ങളുണ്ടായിട്ടുള്ളതായി കാണുന്നു.

5. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6. മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

7. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലും, രസീതുകൾ കൈകാര്യം ചെയ്യുന്നതിലും, സ്യൂട്ട് രജിസ്റ്റർ എഴുതുന്നതിലും അപകങ്ങൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. (1-9-1, 1-9-2 ൽ പ്രത്യേകം ചേർത്തിട്ടുണ്ട്)

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-9-1 രസീതു ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ മാന്വൽ, സാംഖ്യാ രസീതുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാന്വൽ രസീതുകൾ

| ക്രമ നം | ബുക്ക് നം | രസീത് നം | അപാകതകൾ |
|---|---|---|---|
| 1 | 312 | 31200 | രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 325 | 32471 | രസീത് ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ രസീതിന്റെ കൌണ്ടർഫോയിൽ ലഭ്യമല്ല. |

മാന്വൽ രസീതുകൾ വാങ്ങിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) സാംഖ്യാ രസീതുകൾ

| ക്രമ നം | സ്റ്റേഷനറി നം | അപാകതകൾ |
|---|---|---|
| 1 | 0043023 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 0042893 | രസീതിൽ ക്യാൻസൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 3 | 0006702 | രസീതിൽ ക്യാൻസൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 4 | 0004558 | രസീതിൽ ക്യാൻസൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 5 | 0004884 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 6 | 0004885 | രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 7 | 0004894 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 8 | 0004895 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 9 | 0005193 | രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 10 | 0005240 | രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 11 | 0005251 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 12 | 0005252 | രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 13 | 0045547 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 14 | 0047057 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 15 | 0046956 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 16 | 0002710 | രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 17 | 0002709 | രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. എന്നാൽ രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 18 | 0008654 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 19 | 0008647 | രസീത് ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

2020-21 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ച സാംഖ്യാ രസീതുകളുടെ വിവരങ്ങൾ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. എത്ര രസീതുകൾ വാങ്ങിയെന്നോ, എത്ര എണ്ണം ഇഷ്യൂ ചെയ്തെന്നോ ഉള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത സാംഖ്യാ രസീതുകൾ വാങ്ങിയതിന്റെ രേഖകളും സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് 19.07.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20) മറുപടി ലഭ്യമാക്കിയില്ല. രസീതുകളുടെ റദ്ദാക്കൽ, രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം എന്നി

കാര്യങ്ങൾ നിർവ്വഹിക്കുമ്പോൾ കേരള മുനിസിപ്പൽ (അക്കൗണ്ട്സ്) റൂൾസ് 2007 ലെ ചട്ടങ്ങൾ കൃത്യമായി പാലിക്കുവാൻ മുനിസിപ്പാലിറ്റി അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. സാംഖ്യാ രസീതുകൾ വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും, ഇഷ്യൂ ചെയ്ത സാംഖ്യാ രസീതുകൾ സംബന്ധിച്ച വിവരങ്ങൾ രസീതിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-9-2 സ്യൂട്ട് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ സ്യൂട്ട് രജിസ്റ്റർ, അനുബന്ധ വൌച്ചറുകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ വിവിധ കേസുകളുടെ നടത്തിപ്പിനായി വക്കീൽ ഫീസിനത്തിൽ നൽകിയ പല തുകകളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്താത്ത തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അഡ്വക്കേറ്റിന്റെ പേര് | വൌച്ചർ നം/ തീയതി | തുക/ ചെക്ക് നം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ശ്രീ.രാജൻ.ടി.ആർ | 20/5-101 27.05.2020 | 18,000/-, 436708 | ഏതൊക്കെ കേസുകൾക്കാണ് തുക നൽകിയിരിക്കുന്നെന്ന് വ്യക്തമല്ല. തുകയുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. |
| 2 | ശ്രീ.ദിനേശ് റാവു | 20/5-102, 27.05.2020 | 13,500/-, 436709 | WP (C)30552/19 നം കേസുമായി ബന്ധപ്പെട്ട് നൽകിയ തുകയുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ശ്രീ.ഷാഹുൽ ഹമീദ് മൂപ്പൻ | 46-8/20, 18.08.2020 | 20,000/-, 782108 | OS 1573/2016 നം കേസുമായി ബന്ധപ്പെട്ട് നൽകിയ തുകയുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ശ്രീ.രാജൻ.ടി.ആർ | 47-8/20, 18.08.2020 | 18,000/-, 782109 | ഏതൊക്കെ കേസുകൾക്കാണ് തുക നൽകിയിരിക്കുന്നെന്ന് വ്യക്തമല്ല. തുകയുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. |
| 5 | ശ്രീ.കെ.എസ്.ഭരതൻ | 48-10/20, 07.10.2020 | 11,250/-, 437021 | ഏതൊക്കെ കേസുകൾക്കാണ് തുക നൽകിയിരിക്കുന്നെന്ന് വ്യക്തമല്ല. തുകയുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. |
| 6 | ശ്രീ.രാജൻ.ടി.ആർ | 70-10/20, 12.10.2020 | 81,000/-, 437036 | ഏതൊക്കെ കേസുകൾക്കാണ് തുക നൽകിയിരിക്കുന്നെന്ന് വ്യക്തമല്ല. തുകയുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. |
| 7 | ശ്രീ. ടി സേതുമാധവൻ | 73-10/20, 12.10.2020 | 13,500/-, 437039 | തുകയുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 8 | ശ്രീ. ടി സേതുമാധവൻ | 78-10/20, 13.10.2020 | 18,000/-, 437040 | തുകയുടെ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 9 | ശ്രീ.രാജൻ.ടി.ആർ | 115-11/20, 27.10.2020 | 63,000/-, 437100 | ഏതൊക്കെ കേസുകൾക്കാണ് തുക നൽകിയിരിക്കുന്നെന്ന് വ്യക്തമല്ല. തുകയുടെ വിവരങ്ങൾ സ്യൂട്ട് |

| | | | | |
|---|---|---|---|---|
| | | | | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. |

മേൽ അപാകതകൾ സംബന്ധിച്ച് 19.07.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സ്യൂട്ട് രജിസ്റ്റർ അപൂർണ്ണമായതിനാൽ നിലവിൽ നഗരസഭ കക്ഷിയായ എത്ര കേസുകൾ കോടതികളിൽ നിലവിലുണ്ടെന്നും, ഓരോ കേസുകൾക്കും എത്ര തുകകൾ ചെലവായിട്ടുണ്ടെന്നും വ്യക്തമല്ല. ഓരോ കേസുകൾക്കും വക്കീൽ ഫീസിനത്തിൽ നൽകിയ തുകകൾ, നിലവിലുള്ള കേസുകളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുവാൻ വേണ്ട നടപടികൾ നഗരസഭ അധികൃതർ കൈക്കോള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.02.2016 മുതൽ 12.02.2016വരെ | 2013-14(II)<br>2014-15<br>2015-16(I) | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 മുതൽ 01.01.2019 വരെ | 2016-17മുതൽ<br>2017-18വരെ | ലഭ്യമല്ല |

## 1-11 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള മുൻസിപാലിറ്റി ആക്ടിലെ 245 ാം വകുപ്പ് ഒന്നാം ഉപ വകുപ്പ് പ്രകാരം മരട് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 27, തീയതി 20.07.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2020 -21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാതിരുന്ന അർദ്ധവർഷം വകുപ്പുകൾ, കേരള മുൻസിപാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 2005 എന്നിവപ്രകാരം |
|---|---|---|
| 1. | റിലൈൻസ് എസ് എം എൽ ലിമി. | 1,2 |
| 2. | പോപ്പുലാർ ഫിനാൻസ് | 1,2 |
| 3. | ഇൻഡ്യൻ ബാങ്ക് | 1,2 |
| 4. | മുത്തൂറ്റ് മിനി നിധി | 1,2 |
| 5. | ശ്രീഗോകുലം ചിറ്റ് ഫണ്ട് | 1,2 |
| 6. | കെ എസ് എഫ് ഇ | 1,2 |
| 7 | ബി.എസ്.എൻ.എൽ | 1,2 |
| 8 | ഐ സി ഐ സി ഐ ബാങ്ക് | 1,2 |

## 1-12 സ്വകാര്യ വണ്ടി താവളങ്ങളുടെ ലൈസൻസ് ഫീസ്

2020-21 സാമ്പത്തിക വർഷം ഗൂഗിൾ സെർച്ച് മുഖേന ലഭ്യമായ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും. ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ പാർക്കിംഗ് ലൈസൻസ് ഫീസ് ഇനത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475(5) പ്രകാരമുള്ള തുകയാണോ ഈടാക്കിയത് എന്നുമുള്ള വിവരം അറിയിക്കേണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 11/2020-21 തിയതി 15/07/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. താഴെപറയുന്ന സ്ഥാപനങ്ങൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നവയാണോ എന്നും മേൽപ്രകാരം ഫീസ് ഈടാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. എ ജെ പേ & പാർക്ക് -നെട്ടൂർ
2. പേ & പാർക്ക്-വികാസ് നഗർ
3. തണൽ പേ & പാർക്ക്-നെട്ടൂർ

## 1-13 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994 ലെ കേരള മുനിസിപാലിറ്റി ആക്ടിലെ 245 മുതൽ 259 വരെയുള്ള മരട് നഗരസഭയിലെ 2020-21 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ്, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ്ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും. കൂടാതെ ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് രേഖപ്പെടുത്തിക്കാണുന്നില്ലാത്തതിനാൽ, ഇതുമൂലം സ്ഥാപനത്തിലെ തൊഴിൽനികുതി

അടവാക്കാൻ ബാധ്യസ്ഥരായ ജീവനക്കാർ തൊഴിൽനികുതിപരിധിയിൽ നിന്ന് ഒഴിവായിട്ടുണ്ടോ എന്നും വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 28/2020-21 തിയതി 20/07/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ്ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം |
|---|---|---|
| 1 | കൃഷ്ണ കെമിക്കൽസ് | 11/83 എ |
| 2 | റോയൽ പേപ്പേഴ്സ് | 11/192 |
| 3 | ആര്യാസ് റസിഡൻസി | 16/141 |
| 4 | എ ജെ ടയേഴ്സ് | 16/271 |
| 5 | സിൽക്ക് എംപോറിയം | 16/505 |
| 6 | ഇ വി എം കാർസ് | 17/359 |
| 7 | വി ടി ജെ മോട്ടോഴ്സ് | 02/311 |
| 8 | മെട്രോ ടെക്ക് | 03/244-1 |
| 9 | സിജോ വുഡ് ഇൻഡസ്ട്രീസ് | 06/533 |
| 10 | ഫയർ കൂൾ | 06/58 ഡി |
| 11 | റോസ് പ്രിന്റ് | 04131എ |
| 12 | ഹോട്ടൽ അഭിനവ് | 02/319 എ |

## 1-14 പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകകളുടെ വിവരം സംബന്ധിച്ച്

ഓഡിറ്റ് വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം നികുതിയിനത്തിലും ഫീസിനത്തിലും മറ്റും പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

1. ഓഡിറ്റ് വർഷത്തെ വരവിനങ്ങളിലെ കുടിശ്ശിക

| ക്രമ നമ്പർ | ഇനം | കുടിശ്ശിക ₹ |
|---|---|---|
| 1 | വസ്തുനികുതി | 2917066 |
| 2 | തൊഴിൽ നികുതി (വ്യാപാരികൾ) | 251582 |
| 3 | ലൈസൻസ് ഫീ | 11540 |
| 4 | വാടക (From Civic Amenities) | 254821 |
| 5 | സർവീസ് സെസ് | 571977.30 |
| 6 | മറ്റിനങ്ങൾ | 1709544 |
| ആകെ | | 5716530.30 |

2. മുൻവർഷങ്ങളിലെ കുടിശ്ശിക

| ക്രമ നമ്പർ | ഇനം | കുടിശ്ശിക ₹ |
|---|---|---|
| 1 | വസ്തുനികുതി | 4581260 |
| 2 | തൊഴിൽ നികുതി(വ്യാപാരികൾ) | 520805 |
| 3 | ലൈസൻസ് ഫീ | 716 |
| 4 | വാടക(from Civic Amenities) | 99001 |
| 5 | മറ്റിനങ്ങൾ | 16591849 |
| ആകെ | | 21793631 |

കുടിശ്ശിക തുകകൾ പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, അല്ലാത്തപക്ഷം കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 05/2020-21 തിയതി 14/07/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക പിരിച്ചെടുക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 വൃക്ക രോഗികൾക്ക് ഡയാലിസിസ് -അപാകതകൾ

| പ്രൊജക്ട് നം.,പേര് | 0206/21, ഉയിർപ്പ് - വൃക്ക രോഗികൾക്ക് ഡയാലിസിസ് | |
|---|---|---|
| അടങ്കൽ | 28,65,055 /- (വികസന ഫണ്ട് -ജനറൽ) | |
| ചെലവ് | 24,91,200 /- | 1)BRN 254151 / 12.06.20 – 4,28,000 /- |
| | | 2)BRN 387570 / 01.08.20 – 2,23,200 /- |
| | | 3)BRN 428160 / 14.08.20 – 2,20,800 /- |
| | | 4)BRN 583575 / 05.10.20 – 2,17,600 /- |
| | | 5)BRN 1161315 / 26.02.21 – 4,28,800 /- |

| | |
|---|---|
| | 6)BRN 1161321 / 26.02.21 – 4,56,000 /- |
| | 7)BRN 1161325 / 26.02.21 – 2.27,200 /- |
| | 8))BRN 1197370 / 06.03.21 – 2,04,800 /- |
| | 9)BRN 1370337 / 26.03.21 – 73,600 /- |
| | 10)BRN 1377299 / 26.03.21 – 11,200 /- |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, PHC, വളന്തകാട് |

വൃക്ക രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്ത് നല്കുന്നതിന് മരടിലെ Perpetual Succour Mission ആശുപത്രിയുമായി സഹകരിച്ച് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ഒരു ഡയാലിസിസിന് 800/- നിരക്കിൽ ആകെ 3114 ഡയാലിസിസിന് 24,91,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. 35 പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട് . പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ പറയുന്നു .

1) 14.02.18 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം എസ്) 22/2018 തസ്വഭവ പ്രകാരം ചികിത്സാധനസഹായം നല്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തദ്ദേസ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ് . എന്നാൽ നഗരസഭയിൽ സർക്കാരിന്റെ അനുമതി ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പാക്കിയത്.

2) പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് ആശുപത്രിയുമായി കരാറിലേർപ്പെട്ടിട്ടില്ല .

3) ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെ രേഖകളില്ല. ഡയാലിസിസ് ആവശ്യമാണെന്ന് തെളിയിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തിയ രേഖകളും ഇല്ല. അപേക്ഷാ ഫോമില്ലാത്തതിനാൽ ഗുണഭോക്താക്കളുടെ താമസസ്ഥലം ,സാമ്പത്തിക നില എന്നിവ വ്യക്തമല്ല.

4) അനുവദിച്ച തുക ഡയാലിസിസിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്ന് രോഗിയോ ബന്ധുക്കളോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ ഗുണഭോക്താവിനും പ്രതിമാസം ഒരു നിശ്ചിത എണ്ണം ഡയാലിസിസ് ചെയ്തുവെന്ന് ആശുപത്രി അധികൃതർ രേഖപ്പെടുത്തി നല്കിയ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ആശുപത്രിക്ക് തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.
5) ഗുണഭോക്താവിന്റെ അപേക്ഷയോ, സാക്ഷ്യപ്പെടുത്തലോ ഇല്ലാതെ ആശുപത്രിയിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക വിതരണം ചെയ്യുന്നത് ക്രമ വിരുദ്ധമാണ്. ഒരു ഗുണഭോക്താവിന്റെ പേരിൽ എത്ര തുക ആശുപത്രിയ്ക്ക് നൽകി എന്നത് പ്രസ്തുത ഗുണഭോക്താവ് പോലും അറിയുന്നില്ല.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും രോഗപീഢകളാൽ ബുദ്ധിമുട്ടുകളുമനുഭവിക്കുന്നവർക്ക് ചികിത്സാധനസഹായം നല്കുന്ന "കാരുണ്യ" പോലെയുള്ള പദ്ധതികൾ സർക്കാർ നേരിട്ട് നടത്തുന്നുണ്ട്. ഗുണഭക്താക്കൾ ഇത്തരം സ്കീമുകളിൽ ഉൾപ്പെട്ടവരാണോ, ആശുപത്രികൾക്ക് നൽകുന്ന തുക യഥാർത്ഥത്തിൽ ഗുണഭോക്താക്കളിൽ നിന്നും കറവ് ചെയ്യുന്നുണ്ടോ എന്നുള്ള വിവരങ്ങളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എല്ലാത്തിനുമുപരിയായി ഓഡിറ്റ് വർഷം ഇത്തരത്തിൽ ചികിത്സാധനസഹായം നല്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടില്ല. സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.24, 19.07.22) പ്രസ്തുത വർഷം അനുമതി ലഭിച്ചിട്ടില്ലെന്ന് അറിയിച്ചു.
13.01.22 ലെ G.O(Rt)No.95/2022/LSGD ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ മരട് നഗരസഭയ്ക്ക് അനുമതി ലഭിച്ചിട്ടുള്ളത് 2021-22 വർഷത്തിലാണ്. SC, ST വിഭാഗക്കാർക്കും മത്സ്യത്തൊഴിലാളി കുടുംബം, BPL കുടുംബം എന്നിവയ്ക്കും മുൻഗണന നല്കണമെന്ന വ്യവസ്ഥയിൽ ഒരു രോഗിക്ക് പ്രതിമാസം പരമാവധി 4000 /-രൂപ അതത് ആശുപത്രികൾക്ക് നല്കി വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ധനസഹായം നല്കുന്ന രീതിയിൽ ഈ പദ്ധതി നടപ്പാക്കുവാനാണ് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. അതായത് 2022 ൽ പുറപ്പെടുവിച്ച അനുമതി ഉത്തരവ് പ്രകാരം ഒരു രോഗിക്ക് പ്രതിമാസം നല്കാവുന്ന പരമാവധി തുക 4000/- രൂപയാണ്. എന്നാൽ ഓഡിറ്റ് വർഷം സർക്കാരിന്റെ അനുമതി ഇല്ലാതെ നടപ്പാക്കിയ പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് യഥേഷ്ടം തുക നല്കിയിട്ടുണ്ട്. ( ഉത്തരവ് പ്രകാരം 2021-22 വർഷത്തിൽ ഒരു ഗുണഭോക്താവിന് ഒരു വർഷത്തേയ്ക്ക് നൽകാവുന്ന പരമാവധി തുക 48000/- രൂപയാണ് (12x 4000/-) എന്നാലിവിടെ ഓഡിറ്റ് വർഷം തന്നെ പല ഗുണഭോക്താക്കൾക്കും 123000/- രൂപയോളം നൽകിയിട്ടുണ്ട്)

ഇത്തരത്തിൽ സർക്കാരിന്റെ അനുമതിയില്ലാതെ പദ്ധതി നടപ്പാക്കി ക്രമ വിരുദ്ധമായി തുക ചെലവഴിച്ചതിനാലും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ടി ഇനത്തിൽ ചെലവ് ചെയ്ത തുക 2491200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനുമതിയില്ലാതെ ചെയ്ത പദ്ധതിക്ക് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-16 മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി - സർക്കാർ ഉത്തരവിനു വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങി.

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണം നടത്തിയ കമ്പ്യൂട്ടർ വൽക്കരണം മറ്റ് അനുബന്ധ ചെലവുകളും എന്ന പദ്ധതിയിൽ സർക്കാർ ഉത്തരവുകളും നിബന്ധനകളും പാലിക്കാത്തതിനാൽ 27,921/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ഖണ്ഡിക നമ്പർ 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-17 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- നഗരസഭ കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി ഉയർന്ന വിലയ്ക്ക് വാങ്ങൽ നടത്തി.

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്ന പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിയതിനായി 2020-21 ൽ 3,42,205 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി 5,00,000 രൂപ അടങ്കൽ പ്രകാരം പഠനോപകരണങ്ങൾക്കുള്ള നിരക്ക് രേഖപ്പെടുത്തുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത് (നോട്ടീസ് നമ്പർ E3-12117/19 Dtd 22.09.2020).ടെണ്ടറിൽ 4 സ്ഥാപനങ്ങളാണ് പങ്കെടുത്തത്. പദ്ധതിക്ക് ആവശ്യമായ പഠനോപകരണങ്ങൾക്കുള്ള (മേശയും കസേരയും) കൃത്യമായ സ്പെസിഫിക്കേഷൻ നഗരസഭ നൽകിയിട്ടില്ലാത്തതിനാൽ എല്ലാ ടെണ്ടറുകളിലും വ്യത്യസ്തമായ മോഡൽ ഉത്പന്നങ്ങളുടെ വില സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിരുന്നു. കീർത്തി മാർക്കറ്റിംഗ്, കാലടി എന്ന സ്ഥാപനം നൽകിയ സ്റ്റീൽ ടേബിളിന് 2447രൂപ, സ്റ്റീൽ ആംചെയർ 1398 രൂപ നിരക്കിലുള്ള പഠനോപകരണങ്ങളാണ് പദ്ധതിക്കായി വാങ്ങിയത്. എന്നാൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ നഗരസഭ കൗൺസിലിന്റെ 23/10/2020 ലെ 18 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച (ടേബിളിന് 1997/-രൂപ, ചെയറിന് 997/- രൂപ) എന്ന നിരക്കിനു പകരം നോട്ട് ഫയലിലും നഗരസഭ കൗൺസിലേക്കുള്ള അജണ്ട നോട്ടിലും ശുപാർശ ചെയ്യാതിരുന്ന കീർത്തി മാർക്കറ്റിംഗിന്റെ ടേബിളിന് 2447/-രൂപ, ചെയറിന് 1398/- രൂപ എന്ന ഉയർന്ന വിലകളുള്ള ഉത്പന്നങ്ങളാണ് വാങ്ങി വിതരണം നടത്തിയത്. (വിശദാംശങ്ങൾ ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.).

## 1-18 സി.എഫ്.എൽ, ട്യൂബ് സെറ്റ്, സോഡിയം ലൈറ്റുകൾ എന്നിവ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ ആക്കുന്നത്

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 274/21 (229/20, 2019-20) 2019-20 ൽ അരംഭിച്ച ഈ പദ്ധതി (229/20) യുടെ ആകെ അടങ്കൽ 2 കോടി രൂപയാണ്. ഇതിൽ 70 ലക്ഷം രൂപ 2019-20 ൽ ചെലവഴിച്ചിരുന്നു. ബാക്കി 1,30,00,000/- രൂപയാണ് |
| അടങ്കൽ | : | 13000000/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് -6505695<br>ചെലവ് – 6505695 തനത് ഫണ്ട് – 5942879<br>ചെലവ് – 5942879<br>മെയിന്റൻസ് നോൺ റോഡ് -551426<br>ചെലവ് – 551426 |
| ചെലവ് വിവരം | : | 13000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 6505695 + മെയിന്റനൻസ് ( ഗ്രാന്റ് നോൺറോഡ് + 551426) |
| പ്രോജക്ടിന്റെ പേര് | : | സി.എഫ്.എൽ, ട്യൂബ് സെറ്റ്, സോഡിയം ലൈറ്റുകൾ എന്നിവ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ ആക്കുന്നത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മുനി.എഞ്ചിനിയർ |
| ബിൽ നം. ചെക്ക് നം. | : | 63/2.12.20 - 4142505/- 64/2.12.20 - 2363190/- 65/2.12.20 - 551426/- 437083/20.11.20 - 3085384/- 437084/ 20.11.20 – 2857495/- |

നഗരസഭയിലെ സി.എഫ്.എൽ, ട്യൂബ് സെറ്റ്, സോഡിയം ലൈറ്റുകൾ എന്നിവ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ ആക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയ്ക്കായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനം 20.12.2019 ൽ നൽകിയ പ്രൊഫോർമ ഇൻവോയ്സ് അംഗീകരിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇൻവോയ്സ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനവിവരം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | 24W LED - Manual | 3000 | 3135 | 9405000 |
| 2 | 24W LED - Automatic | 3530 | 2145 | 7571850 |
| 3 | 45W LED - Manual | 4525 | 594 | 2687850 |
| 4 | 75W LED - Manual | 7320 | 132 | 966240 |
| | ആകെ | | 6006 | 20630940 |
| | ഡിസ്കൗണ്ട് | | | 630940 |
| | നൽകേണ്ട തുക | | | 20000000/- |

1. ഇൻവോയ്സ് പ്രകാരം 6006 ലൈറ്റുകൾക്കായാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത് എപ്രകാരം കണക്കാക്കി എന്നത് വ്യക്തമല്ല. നഗരസഭയുടെ ഭാഗത്തു നിന്നും ഇത്തരത്തിലൊരു കണക്ക് തയ്യാറാക്കിയതായോ, ഇൻഡന്റ് നൽകിയതായോ ഫയലിൽ വിവരങ്ങളില്ല.

2. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 6.2.2020 ൽ ടി സ്ഥാപനം കരാർ ചമച്ച് പ്രവൃത്തി ഏറ്റെടുത്തിരുന്നു. ഇൻവോയ്സ് നിബന്ധന പ്രകാരം ആകെ തുകയുടെ 35% വീതം ആദ്യ രണ്ട് വർഷങ്ങളിലും ബാക്കി 30% മൂന്നാം വർഷത്തിലുമാണ് നൽകേണ്ടത്. ഫയൽ പരിശോധിച്ചതിൽ 20-21 വർഷത്തിൽ 13000000/- രൂപ നൽകിയിട്ടുള്ളതായി കാണുന്നു. മുൻ വർഷം ടി ഇനത്തിൽ ചെലവുള്ള പക്ഷം ആയതിന്റെ

രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. ഫയലിൽ സൂക്ഷിച്ചിട്ടുള്ള സ്ഥാപനം നൽകിയ റിപ്പോർട്ടിൽ 5.6.20 വരെയുള്ള തീയതിയിൽ ആകെ 5902 ലൈറ്റുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ, വാർഡ് കൗൺസിലർമാരുടെ റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

4. നിലവിലുണ്ടായിരുന്ന സി.എഫ്.എൽ, ട്യൂബ് സെറ്റ്, സോഡിയം ലൈറ്റുകൾ എന്നിവ മാറ്റിയാണ് പുതിയ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ നീക്കം ചെയ്ത ലൈറ്റുകളുടെ വിവരം, സ്റ്റോക്ക് വിവരം, നിലവിലെ സ്ഥിതി വിവരം എന്നിവ വ്യക്തമാക്കിയിട്ടില്ല.

5. ലൈറ്റുകൾ പൂർണ്ണമായി സ്ഥാപിച്ചിട്ടുണ്ടോ, പ്രവർത്തിയുടെ നിലവിലെ സ്ഥിതി വിവരം, സ്ഥാപനത്തിന് നൽകിയ തുകയുടെ പൂർണ്ണമായ വിവരം എന്നിവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.43/20.7.22) മുനിസിപ്പൽ എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-19 ജയനഗർ മുതൽ മാർട്ടിൻപുരം വരെ റോഡ് നവീകരണം -ടൈൽ വിരിച്ച അളവിലുള്ള വ്യത്യാസം - വിശദീകരണം ലഭ്യമാക്കേണ്ടത്

| | |
|---|---|
| പ്രോജക്ട് നമ്പർ | : 590/20 |
| പ്രോജക്ടിന്റെ പേര് | : ജയനഗർ മുതൽ മാർട്ടിൻപുരം വരെ റോഡ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മുനി.എഞ്ചിനിയർ |
| കരാറുകാരൻ | : കെ.കെ.ഗോപിനാഥൻ |
| ചെലവ് വിവരം | : 814390/- |
| എം.ബുക്ക് നം. | : 97/20-21 |
| ബിൽ നം. ചെക്ക് നം. | : 98/29.1.21 – 600000/-<br>5364925/4.2.21 – 214390/- |

പ്രസ്തുത പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള ഫുട്ട്പാത്തിൽ നിന്നും 116.05 മീ. നീളത്തിൽ പേവർ ബ്ലോക്ക് ടൈൽ നീക്കം ചെയ്ത് ഉപയോഗയോഗ്യമായവ സ്റ്റാക്ക് ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഇനം (1) ആയി, ആകെയുള്ള ഏരിയ ആയ 464.60 $M^2$ ൽ നിന്നും KWA Area 104.44 $M^2$ കുറവ് ചെയ്ത് 360.16 $M^2$ ഏരിയയിലുള്ള പേവർ ബ്ലോക്ക് ടൈലാണ് നീക്കം ചെയ്തിട്ടുള്ളത്. എന്നാൽ ഇനം (4) ആയി Laying Old C.C Interlocking Paver Block.... എന്ന ഇനത്തിൽ 265.41 $M^2$ അളവിൽ മാത്രമാണ് പഴയ ബ്ലോക്കുകൾ ഉപയോഗിച്ചിട്ടുള്ളത്. (ഒർജിനൽ എസ്റ്റിമേറ്റിൽ ടൈൽ നീക്കം ചെയ്ത അതേ അളവിൽ വീണ്ടും ടൈൽ വിരിക്കുന്നതിനുള്ള നിരക്ക് മാത്രമാണ് അനുവദിച്ചിരുന്നത്. എന്നാൽ ഇവിടെ നീക്കം ചെയ്ത അളവിൽ നിന്നും ഉപയോഗയോഗ്യമായവയുടെ സ്റ്റാക്ക് വിവരം അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. )

നിലവിലുള്ള ഫുട്ട്പാത്തിൽ നിന്നും 360.16 $M^2$ ഏരിയയിലുള്ള പേവർ ബ്ലോക്ക് ടൈലാണ് നീക്കം ചെയ്തിട്ടുള്ളത്. കൂടാതെ പുതിയ ടൈൽ വിരിക്കുന്നതിനായി 226.83 $M^2$ ഏരിയയാണ് തയ്യാറാക്കിയിട്ടുള്ളത്. ആകെ 586.99$m^2$. എന്നാലിവിടെ 723.16 $M^2$ ൽ ( പഴയത് 265.41 + പുതിയത് 457.75) ടൈൽ വിരിച്ചിട്ടുള്ളതായി കാണുന്നു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/19.7.22) മുനിസിപ്പൽ എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-20 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | | |
| 1 | ബിറ്റിസി റോഡ് കാന മെയിന്റനൻസ് കവറിംഗ് സ്ലാബ് (592/20) കെ.കെ.ഗോപിനാഥൻ പി.എ.സി -267291/- പ്രവൃത്തിമൂല്യം -299810/- ബിൽ നം. 66/2.12.20 | 12.3.20<br>26.3.20 | 17.8.2020 | 2673 |
| 2 | ഉരുത്തി ടെമ്പിൾ ചമ്പക്കര, ഉരുത്തി ടെമ്പിൾ അതിർത്തി റോഡ് റിടാറിംഗ് (502/20) ജോബി ജോർജ്ജ് പി.എ.സി -1266378/- പ്രവൃത്തിമൂല്യം -1380904/- ചെക്ക് നം. 437872//30.3.21 | 16.12.19<br>30.12.19 | 9.1.20 | 12664 |
| 3 | അയിനിപേട്ട ചമ്പക്കര കുന്നലക്കാട് കാട്ടിത്തറ റോഡ് റിടാറിംഗ് (573/21) ജോബി ജോർജ്ജ് പി.എ.സി -2361793/- പ്രവൃത്തിമൂല്യം -2632294/- ചെക്ക് നം. 437872//30.3.21 | 16.12.2019<br>30.12.2019 | 9.1.2020 | 23618 |
| 4 | ഉപാസന നഗർ റോഡ് നവീകരണം (444/21) വിനോയ് ആന്റണി പി.എ.സി -683643/- പ്രവൃത്തിമൂല്യം -636649/-<br>ചെക്ക് നം. 437876//31.3.21 | 26.8.19<br>9.9.19 | 30.10.2019 | 6836 |
| 5 | ടി.കെ സേതു മുഹമ്മദ് റോഡ്- തട്ടേക്കാട് റോഡ് റിടാറിംഗ് , കാന നിർമ്മാണം (360/21) ടി.കെ.വർഗ്ഗീസ് പി.എ.സി -914589/- പ്രവൃത്തിമൂല്യം -1024145/-<br>ചെക്ക് നം. 5364926//4.2.21 | 7.1.2020<br>21.2.2020 | 11.2.2020 | 9146 |
| 6 | മണ്ണൂർ- അയിനി റോഡ് റിടാറിംഗ് , (371/21) ടി.കെ.വർഗ്ഗീസ് പി.എ.സി -498000/- പ്രവൃത്തിമൂല്യം -495239/-<br>ചെക്ക് നം. 175206/10.7.20 | 31.1.2019<br>14.2.2019 | 21.2.2019 | 4980 |
| 7 | തൃപ്തി ലൈൻ നവീകരണം (534/20) കെ.കെ.ഗോപിനാഥൻ പി.എ.സി -572057/- പ്രവൃത്തിമൂല്യം -540415/- ചെക്ക് നം. 437856/22.3.21 | 7.1.2020<br>21.1.2020 | 18.2.2020 | 5721 |
| 8 | വിക്രം സാരാഭായ് ക്രോസ്സ് റോഡ്, പ്രിയദർശിനി റോഡ് ടൈൽ വിരിക്കൽ കാന ഉയർത്തൽ (522/20) രഞ്ജിത്ത്കുമാർ പി.എ.സി -1024936/- പ്രവൃത്തിമൂല്യം -608098/-<br>ചെക്ക് നം. 361709/7.8.20 | 13.1.2020<br>27.1.2020 | 3.2.2020 | 10249 |
| | ആകെ | | | 75887 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഈടാക്കേണ്ട 75887/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/20.7.22) നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കുവാൻ ശേഷിക്കുന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവ്

ചെയ്യാതിരുന്നത് - സംബന്ധിച്ച്

2020-21വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.ടി |
| 1 | ഇന്ദിരാജി റോഡ് റീടാറിംഗ് (200/20)<br>കെ.കെ.ഗോപിനാഥൻ എം.ബുക്ക്-39/19-20<br>പ്രവൃത്തിമൂല്യം - 755047/-<br>ബിൽ നം. 134/24.3.21 | 22 | 5236 | 946 |
| 2 | തുരുത്തി ടെമ്പിൾ ചമ്പക്കര, തുരുത്തി ടെമ്പിൾ അതിർത്തി റോഡ് റിടാറിംഗ് (502/20)<br>ജോബി ജോർജ്ജ് എം.ബുക്ക് - 16/19-20<br>പി.എ.സി -1266378/- പ്രവൃത്തിമൂല്യം -1380904/-<br>ചെക്ക് നം. 437872//30.3.21 | 12 | 2856 | 516 |
| 3 | അയിനിപേട്ട ചമ്പക്കര കുന്നലക്കാട് കാട്ടിത്തറ റോഡ് റിടാറിംഗ് (573/21) ജോബി ജോർജ്ജ് എം.ബുക്ക് - 1/20-21 പി.എ.സി -2361793/-<br>പ്രവൃത്തിമൂല്യം -2632294/-<br>ചെക്ക് നം. 437872//30.3.21 | 66 | 15708 | 2838 |
| 4 | ടി.കെ സേതു മുഹമ്മദ് റോഡ്- തട്ടേക്കാട് റോഡ് റിടാറിംഗ് , കാന നിർമ്മാണം (360/21)<br>ടി.കെ.വർഗ്ഗീസ് എം.ബുക്ക് - 11/20-21<br>പി.എ.സി -914589/- പ്രവൃത്തിമൂല്യം -1024145/-<br>ചെക്ക് നം. 5364926//4.2.21 | 42 | 9996 | 1806 |
| 5 | മണ്ണൂർ- അയിനി റോഡ് റിടാറിംഗ് , (371/21)<br>ടി.കെ.വർഗ്ഗീസ് എം.ബുക്ക് - 166/19-20<br>പി.എ.സി -498000/-<br>പ്രവൃത്തിമൂല്യം -495239/- ചെക്ക് നം. 175206/10.7.20 | 16 | 3808 | 688 |
| 6 | തൃപ്തി ലൈൻ നവീകരണം (534/20)<br>കെ.കെ.ഗോപിനാഥൻ എം.ബുക്ക് - 6/20-21<br>പി.എ.സി -572057/-<br>പ്രവൃത്തിമൂല്യം -540415/- ചെക്ക് നം. 437856/22.3.21 | 13 | 3094 | 559 |
| | ആകെ | | 40698 | 7353 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി (ബാരൽ വില തുക ചെലവഴിച്ച ഫണ്ടിൽ) വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/20.7.22) മുനിസിപ്പൽ എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കുവാൻ ശേഷിക്കുന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 നഗരസഭ ജനറൽ കമ്മിറ്റി - മിനിട്ട്സ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ഹാജരാക്കിയ മിനിട്ട്സ് ഫയൽ പരിശോധിച്ചതിൽ 5.11.20 വരെയുള്ള മിനിട്ട്സ് വിവരങ്ങൾ പ്രിന്റ് എടുത്ത് ഓരോ ദിവസത്തെ മിനിട്ട്സായി പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവ ക്രമമായി ഫയൽ ചെയ്യുകയോ ബൈന്റ് ചെയ്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മിനിട്ട്സിൽ നഗരസഭ ചെയർ പേഴ്സൺ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

നഗരസഭയിൽ ആരംഭിച്ചിട്ടുള്ള പുതിയ മിനിട്ട്സ് ബുക്കിൽ 22.2.21 മുതലുള്ള മിനിട്ട്സ് വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
ജനറൽ കമ്മിറ്റി അറ്റൻഡൻസ് രജിസ്റ്ററിൽ 16.7.20 വരെയുള്ള യോഗത്തിന്റെ അറ്റൻഡൻസ് ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്നുള്ള പുതിയ ബുക്കിൽ 21.12.20 മുതലുള്ള അറ്റൻഡൻസാണ് രോഖപ്പെടുത്തിയിട്ടുള്ളത്. അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം യോഗം കൂടിയതായി കാണുന്ന താഴെ പറയുന്ന ദിവസങ്ങളിലെ മിനിട്ട്സ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

1. 21.12.20

2.28.12.20

3.21.01.21

4.3.2.21

5.12.2.21

6.18.2.21

പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനം, അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/13.7.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ച് ഏറ്റവും സുപ്രധാന രേഖയായ മിനിറ്റ്സ് ബുക്ക് ഇത്തരത്തിൽ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ഗൗരവമായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ടി വിഷയത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

നഗരസഭയിലെ മുനി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി ആർ 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(3) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ബിറ്റുമിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കരാറുകാർ വാങ്ങിയ ബിറ്റുമിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(7) തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന നികുതികളുടെ ഒടുക്കു വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(8)ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/20.7.22) നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-24 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%)

കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | തുരുത്തി ടെമ്പിൾ ചമ്പക്കര, തുരുത്തി ടെമ്പിൾ അതിർത്തി റോഡ് റിടാറിംഗ് (502/20) ജോബി ജോർജ്ജ് പി.എ.സി -1266378/- പ്രവൃത്തിമൂല്യം -1380904/- ചെക്ക് നം. 437872//30.3.21 | 9.1.2020<br>3 മാസം<br>8.4.2020 | 21.10.2020 | 64585<br>(3 +2.1%) |
| 2 | അയിനിപേട്ട ചമ്പക്കര കുന്നലക്കാട് കാട്ടിത്തറ റോഡ് റിടാറിംഗ് (573/21) ജോബി ജോർജ്ജ് പി.എ.സി -2361793/- പ്രവൃത്തിമൂല്യം -2632294/- ചെക്ക് നം. 437872//30.3.21 | 9.1.2020<br>3 മാസം<br>8.4.2020 | 30.10.2020 | 122813 (3+2.2%) |
| | ആകെ | | | 187398 |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ക്രമ നം. (1) എം.ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 6.5.2020 ലാണ്. അതായത് കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതിയ്ക്ക് ശേഷം ഏകദേശം ഒരു മാസം കഴിഞ്ഞ് മാത്രമാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്.

ക്രമ നം. (2) എം.ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 1.10.20 ലാണ്. പ്രവൃത്തി ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കേവലം ഒരു മാസം മാത്രം പൂർത്തീകരണത്തിന് സമയം ആവശ്യമായിരുന്ന പ്രവൃത്തിയ്ക്ക് 10 മാസം സമയം എടുത്തത് കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥയാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/20.7.22) നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഇനത്തിൽ ഈടാക്കേണ്ട 187398/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 1-25 മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു

2020-21 വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് വിവിധ മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ പദ്ധതികളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇനിയും മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട് .വിശദവിവരങ്ങൾ താഴെ പറയുന്നു .

### 1-25-1 ഹോമിയോ ഡിസ്പെൻസറി- മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0006/21 , ഗവ.മോഡൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകളും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| അടങ്കൽ | 15,00,000 /- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 15,00,000 /- , BRN 629542 / 16.10.20 |
| നിർവഹണ ഉദ്യോഗസ്ഥ | ഹോമിയോ മെഡിക്കൽ ഓഫീസർ |

പ്രൊഫോർമ ഇൻവോയ്സ്

PF 748 / 15.10.20 - 15,00,000 /-രൂപ (HOMCO യ്ക്ക് കൈമാറി)

ലഭിച്ച മരുന്ന്

1)LF 2582 / 06.03.22 – 532530 /-

2)LF 254 / 29.06.22 – 418457 /-

അതായത് ആകെ 950987 /-രൂപ

അവശേഷിക്കുന്ന തുക 549013/-രൂപ

### 1-25-2 PHC വളന്തകാട് - മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0187 / 21 , PHC വളന്തകാട് - മരുന്ന് വാങ്ങൽ |

| | |
|---|---|
| അടങ്കൽ | 2,00,000 /- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 2,00,000 /- BRN 972229 / 21.01.21 |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,PHC ,വളന്തകാട് |

പ്രൊഫോർമ ഇൻവോയ്സ്

PRF 4373 / 13.01.21 – 2,00,000 /- (KMSCL ന് കൈമാറി)

ലഭിച്ച മരുന്ന്

1)ക്യാഷ് ഇൻവോയ്സ് 2203/16.05.22- 68136 /- രൂപ

2)ക്യാഷ് ഇൻവോയ്സ് 2206/16.05.22 - 100678 /- രൂപ

(ആകെ 168814 /- രൂപ)

അവശേഷിക്കുന്ന തുക 31186 /- രൂപ.

1-25-3 പാലിയേറ്റീവ് കെയർ -PHC വളന്തകാട്

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | 0203 / 21, പാലിയേറ്റീവ് കെയർ -PHC വളന്തകാട് | |
| അടങ്കൽ | 8,00,000/-<br>4,20,000 /- (വികസനഫണ്ട്-ജനറൽ)<br>3,80,000 /-(തനത് ഫണ്ട്) | |
| ചെലവ് | 4,15,350/-<br>(വികസനഫണ്ട്-ജനറൽ) | 1)BRN 1161327/26.02.21-200000 /- |
| | | 2)BRN 1161328/26.02.21-215350 /- |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,PHC ,വളന്തകാട് | |

പ്രൊഫോർമ ഇൻവോയ്സ്

1)PRF 5756/ 25.02.21-2,00,000 /-

2)PRF 5759/25.02.21 – 2,15,350 /-

(ആകെ 4,15,350 /- രൂപ KMSCL ന് കൈമാറി)

ലഭിച്ച മരുന്ന്

1)ക്യാഷ് ഇൻവോയ്സ് 8589/06.11.21 - 8010 /- രൂപ

2)ക്യാഷ് ഇൻവോയ്സ് 12382/04.02.22 – 132692 /- രൂപ

3)ക്യാഷ് ഇൻവോയ്സ് 13658/21.02.22 – 2791 /- രൂപ

4)ക്യാഷ് ഇൻവോയ്സ് 2535/19.05.22 – 45584 /- രൂപ

(ആകെ 189077 /- രൂപ)

അവശേഷിക്കുന്ന തുക 226273 /- രൂപ.

1-25-4 ഫ്ലോട്ടിംഗ് ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0188/21 , ഫ്ലോട്ടിംഗ് ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,50,000 /- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 1,50,000 /- ,BRN 972230/21.01.21 |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,PHC ,വളന്തകാട് |

പ്രൊഫോർമ ഇൻവോയ്സ്

PRF 4394/14.01.21 -1,50,000 /-(KMSCL ന് കൈമാറി)

ലഭിച്ച മരുന്ന്

1)ക്യാഷ് ഇൻവോയ്സ് 2213/16.05.22 – 47520 /-

2)ക്യാഷ് ഇൻവോയ്സ് 2214/16.05.22 – 68349 /-

(ആകെ 115869 /- രൂപ)

അവശേഷിക്കുന്ന തുക 34131 /- രൂപ

1-25-5 PHC നെട്ടൂർ - മരുന്ന് ,ഗ്ലൂക്കോസ് സ്ട്രിപ്പ് വാങ്ങൽ

| | | |
|---|---|---|
| പ്രൊജക്റ്റ് നം.,പേര് | 0215 / 21 , PHC നെട്ടൂർ - മരുന്ന് ,ഗ്ലൂക്കോസ് സ്ലീപ്പ് വാങ്ങൽ | |
| അടങ്കൽ | 5,00,000 /- (വികസന ഫണ്ട് -ജനറൽ) | |
| ചെലവ് | 5,00,000 /- | 1)BRN 988553/25.01.21 -2,50,000 /- |
| | | 2)BRN 988556/25.01.21 -2,50,000 /- |
| നിർവഹണഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ ,PHC ,നെട്ടൂർ | |

പ്രൊഫോർമ ഇൻവോയ്സ്

PRF 3443/16.11.20 – 2,50,000 /-

PRF 3444/16.11.20 – 2,50,000 /-

(ആകെ 5,00,000 /- രൂപ KMSCL ന് കൈമാറി)

ലഭിച്ച മരുന്ന്

1)ക്യാഷ് ഇൻവോയ്സ് 7611/19.10.21 – 42541 /- രൂപ

2)ക്യാഷ് ഇൻവോയ്സ് 7619/19.10.21 - 42541 /- രൂപ

3)ക്യാഷ് ഇൻവോയ്സ് 7622/19.10.21 – 61136 /- രൂപ

(ആകെ 1,46,218 /- രൂപ)

അവശേഷിക്കുന്ന തുക 3,53,782 /- രൂപ.

1-25-6 പാലിയേറ്റീവ് കെയർ -PHC നെട്ടൂർ

| | | |
|---|---|---|
| പ്രൊജക്റ്റ് നം.,പേര് | 0216 / 21, പാലിയേറ്റീവ് കെയർ -PHC നെട്ടൂർ | |
| അടങ്കൽ | 12,00,000 /-<br>8,00,000/- (വികസനഫണ്ട്-ജനറൽ)<br>4,00,000 /-(തനത് ഫണ്ട്) | |
| ചെലവ് | 8,00,000 /- (വികസനഫണ്ട്-ജനറൽ) | 1)BRN 988558/25.01.21-249945 /- |
| | | 2)BRN 988562/25.01.21 -249945 /- |
| | | 3)BRN 988567/25.01.21 -249945 /- |
| | | 4)BRN 988568/25.01.21 -31533 /- |
| | | 5)BRN 988570/25.01.21 -18632 /- |
| നിർവഹണഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ , PHC ,നെട്ടൂർ | |

പ്രൊഫോർമ ഇൻവോയ്സ്

1)PRF 4005/23.12.20 – 249945 /-

2)PRF 4006/23.12.20 – 249945 /-

3)PRF 4007/23.12.20 – 249945 /-

4)PRF 4009/23.12.20 – 31533 /-

5)PRF 4010/23.12.20 – 18632 /-

(ആകെ 8,00,000 /- രൂപ KMSCL ന് കൈമാറി)

ലഭിച്ച മരുന്ന്

1)ക്യാഷ് ഇൻവോയ്സ് 2122/05.06.21 - 4240 /- രൂപ

2)ക്യാഷ് ഇൻവോയ്സ് 3630/12.07.21 – 4573 /- രൂപ

3)ക്യാഷ് ഇൻവോയ്സ് 7121/09.10.21 – 7338 /- രൂപ

4)ക്യാഷ് ഇൻവോയ്സ് 7122/09.10.21 – 1069 /- രൂപ

5)ക്യാഷ് ഇൻവോയ്സ് 7124/09.10.21 - 32242 /- രൂപ

6)ക്യാഷ് ഇൻവോയ്സ് 7125/09.10.21 – 83546 /- രൂപ

7)ക്യാഷ് ഇൻവോയ്സ് 7126/09.10.21 – 85103 /- രൂപ

8)ക്യാഷ് ഇൻവോയ്സ് 7616/19.10.21 – 23001 /- രൂപ

9)ക്യാഷ് ഇൻവോയ്സ് 7617/19.10.21 – 141588 /- രൂപ

10)ക്യാഷ് ഇൻവോയ്സ് 7627/19.10.21 – 21079 /- രൂപ

11)ക്യാഷ് ഇൻവോയ്സ് 7629/19.10.21 – 123007 /- രൂപ

12)ക്യാഷ് ഇൻവോയ്സ് 7637/19.10.21 – 8279 /- രൂപ

13)ക്യാഷ് ഇൻവോയ്സ് 7639/19.10.21 – 5378 /- രൂപ

(ആകെ 540443 /- രൂപ)

അവശേഷിക്കുന്ന തുക 259557 /- രൂപ.

ക്യാഷ് ഇൻവോയ്സുകളും സ്റ്റോക്ക് രജിസ്റ്ററുകളിലെ എൻട്രികളും ഒത്തുനോക്കി പരിശോധിച്ചതുപ്രകാരം ആകെ 14,53,942 /-രൂപയുടെ മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട് (6 പദ്ധതികളിലുമായി) .ചില ക്യാഷ് ഇൻവോയ്സുകളിൽ പ്രൊഫോർമ ഇൻവോയ്സ് വിവരം സൂചിപ്പിക്കാത്തതിനാൽ ഏത് പദ്ധതി പ്രകാരമുള്ള മരുന്നാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ക്യാഷ് ഇൻവോയ്സ് വിവരങ്ങളോടൊപ്പം പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി ഈ അപാകത ഒഴിവാക്കേണ്ടതാണ്. അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. മരുന്ന് വാങ്ങുന്നതിന് വിവിധ പ്രോജക്ടുകളിലായി ചെലവഴിച്ച തുകകളിൽ 14,53,942/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ ടി തുകകളുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 എ.ബി.സി പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നം-318/21

ചെലവ് -630,000/- (ബിൽ നം.2/2020-21 Rs.630,000/- Dtd 21/04/2020)

നിർവ്വഹണം- പ്രോജക്ട് ഓഫീസർ, നഗര ദാരിദ്രനിർമ്മാർജ്ജന സെൽ

നഗരസഭയിലെ തെരുവുനായ നിയന്ത്രണത്തിനായി നടപ്പാക്കിയ എ.ബി.സി പ്രോഗ്രാം എന്ന പദ്ധതിയുടെ ഭാഗമായി 04/03/2020 ൽ നഗരസഭ സെക്രട്ടറിയും കുടുംബശ്രീ ജില്ലാ മിഷനും ഏർപ്പെട്ട കരാർ പ്രകാരം വികസനഫണ്ടിൽ നിന്നും 6,30,000 രൂപ കുടുംബശ്രീ ജില്ലാ മിഷന് കൈമാറിയിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അനിവാര്യമായ താഴെപ്പറയുന്ന വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

1.നഗരകാര്യ ഡയറക്ടറുടെ 04/01/2020 ലെ ഡി.സി 5-27509/2019 നമ്പർ കത്ത് പ്രകാരം നഗരസഭകൾ എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീക്ക് ഫണ്ട് നൽകുന്നതിന് മുമ്പ് മോണിറ്ററിംഗ് സമിതിയുടെ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. നഗരസഭ സെക്രട്ടറിയും കുടുംബശ്രീ ജില്ലാ മിഷനും ഏർപ്പെട്ട കരാർ (ക്രമ നം-5) പ്രകാരവും മോണിറ്ററിംഗ് സമിതി രൂപീകരിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീക്ക് ഫണ്ട് നൽകുന്നതിന് മുമ്പ് മോണിറ്ററിംഗ് സമിതിയുടെ പരിശോധന നടത്തി എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2.നഗരസഭ സെക്രട്ടറിയും കുടുംബശ്രീ ജില്ലാ മിഷനും ഏർപ്പെട്ട കരാർ (ക്രമ നം-6) പ്രകാരം നഗരസഭയിലെ തെരുവുനായ്ക്കളെ സംബന്ധിച്ച വിവരങ്ങൾ നഗരസഭ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയതായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3.നഗരസഭപ്രദേശത്ത് നിന്നും പദ്ധതി പ്രകാരം പിടികൂടിയതും വന്ധീകരണ സർജറിക്ക് വിധേയമാക്കിയതുമായ നായ്ക്കളുടെ വിവരങ്ങൾ പ്രവൃത്തി നിർവ്വഹിച്ച സ്ഥാപനം ലഭ്യമാക്കിയത് നഗരസഭ പരിശോധിച്ച് ഉറപ്പുവരുത്തിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

4.പദ്ധതി പ്രകാരമുള്ള തുക ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങളോ വിനിയോഗ സാക്ഷ്യപത്രമോ ജില്ലാ കുടുംബശ്രീ മിഷൻ ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/14.07.22) നൽകിയെങ്കിലും മറുപടിയോ വിനിയോഗ വിവരങ്ങളോ ലഭ്യമാക്കിയില്ല. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ജില്ലാ കുടുംബശ്രീ മിഷനിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് - അധികം നല്കിയ തുക തിരികെ ലഭ്യമാക്കിയില്ല.

പ്രോജക്ട്നം-209/2021

നിർവ്വഹണം - ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മരട്

അടങ്കൽ- 125000/-

ചെലവ്-109840/- (TRN നം-201101000000029908-Rs.109840 /-Dtd 30/03/2021)

നഗരസഭയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി പ്രകാരം 2020-21 ൽ 1,09,840/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ 08/03/2021 ൽ ലഭ്യമാക്കിയ TVM/ITBG/PI/RC/23723 /20-21 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം 27,460/- രൂപ വിലവരുന്ന 4 ഉബണ്ടു മീഡിയം എൻഡ് ലാപ് ടോപ്പുകൾ വാങ്ങുന്നതിനായാണ് ബിൽ പ്രകാരം 1,09,840/- രൂപ മുൻകൂർ നൽകിയത്. എന്നാൽ

കെൽട്രോൺ 22/09/2021 ൽ ലഭ്യമാക്കിയ ITP/05342/21-22 നമ്പർ ഇൻവോയ്സ് പ്രകാരം 108917/- രൂപക്ക് 4 ഉബണ്ടു മീഡിയം എൻഡ് ലാപ് ടോപ്പുകൾ കെൽട്രോൺ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം മുൻകൂർ നൽകിയ 109840/- രൂപയിൽ ചെലവായ 108917/- രൂപ കഴിച്ച് ബാക്കി 923/- രൂപ തിരികെ നൽകുവാൻ നിർവ്വഹണ ഉദ്യോഗസ്ഥ ആവശ്യപ്പെടുകയോ കെൽട്രോൺ അധികം വാങ്ങിയ തുക തിരികെ നൽകുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ-9 Dtd 14/07/2022) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കെൽട്രോണിന് അധികം നൽകിയ തുക തിരിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-28 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർ ടാങ്ക് - കരാർ നല്കിയത് സുതാര്യമല്ല

പ്രോജക്റ്റ്നം-245/2021

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്രനിർമ്മാർജ്ജന സെൽ

അടങ്കൽ- 150000/- (S.C.P- 100000, BC-50000 )

ചെലവ്-148800/- ( ബിൽ നം-34/2020-21-Rs.100000 /-Dtd 06/03/2021 & Cheque-No.441091 Dtd 06/03/2021 Rs.48278 & IT 522)
ഓഡിറ്റ് എൻക്വയറി-8/14.03.2022
നഗരസഭയിലെ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് പി .വി.സി വാട്ടർടാങ്ക് നൽകുന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം 1,48,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി 150000/- രൂപ അടങ്കൽ പ്രകാരം 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്കിനുള്ള നിരക്ക് രേഖപ്പെടുത്താനാണ് നഗരസഭ ടെണ്ടർ ക്ഷണിച്ചത് (നോട്ടീസ് നമ്പർ E3-12117/19 Dtd 22.09.2020). ടെണ്ടറിൽ 8 സ്ഥാപനങ്ങളാണ് പങ്കെടുത്തത്. പദ്ധതിക്ക് ആവശ്യമായ 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്കിനുള്ള കൃത്യമായ സ്പെസിഫിക്കേഷൻ നഗരസഭ നൽകിയിട്ടില്ലാത്തതിനാൽ സ്ഥാപനങ്ങൾ എല്ലാ ടെണ്ടറുകളിലും 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്കിന് 2 ലെയർ, 3 ലെയർ എന്നിങ്ങനെ വ്യത്യസ്തമായ മോഡൽ ഉത്പന്നങ്ങളുടെ വില ക്വാട്ട് ചെയ്തിരുന്നു. ഫയൽ പരിശോധിച്ചതിൽ 2400 രൂപ ക്വാട്ട് ചെയ്ത ബ്രിസൺ ടെക്നോളജീസ്,കടവന്ത്ര എന്ന സ്ഥാപനം നൽകിയ 2ലെയർ ബ്ലാക്ക് മോഡലാണ് 62 എണ്ണം പദ്ധതിക്കായി വാങ്ങിയത് . എന്നാൽ ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ ഐ.എസ്.ഒ 2ലെയർ ബ്ലാക്ക് മോഡലിന് കുറഞ്ഞ തുക (Rs.1600/-) രേഖപ്പെടുത്തിയിരുന്നത് വിക്ടോറിയ പോളിഫാം, തൃശ്ശൂർ എന്ന സ്ഥാപനമായിരുന്നു. ഈ സ്ഥാപനം തന്നെ ടെണ്ടറിൽ 3 ലെയർ ഉള്ള ഐ.എസ്.ഒ വൈറ്റ് മോഡൽ 2400/- രൂപക്കും നൽകാമെന്ന് അറിയിച്ചിരുന്നു. കൂടാതെ ടെണ്ടറിൽ പങ്കെടുത്ത കെ.പി.എം എന്റർപ്രൈസസ് ,പാലക്കാട് എന്ന സ്ഥാപനവും നിലവിൽ വാങ്ങിയതിലും കുറഞ്ഞ തുക (Rs.1900/-) രേഖപ്പെടുത്തിയിരുന്നു. എന്നാൽ പദ്ധതിയുടെ നോട്ട് ഫയലിലും നഗരസഭ കൗൺസിലേക്കുള്ള അജണ്ട നോട്ടിലും കുറഞ്ഞ നിരക്കായി 2400/- രൂപ ക്വാട്ട് ചെയ്ത ബ്രിസൺ ടെക്നോളജീസ്,കടവന്ത്ര എന്ന സ്ഥാപനം നൽകിയ 2ലെയർ ബ്ലാക്ക് മോഡൽ മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന വിക്ടോറിയ പോളിഫാം, തൃശ്ശൂർ എന്ന സ്ഥാപനവും കെ.പി.എം എന്റർപ്രൈസസ് ,പാലക്കാട് എന്ന സ്ഥാപനവും രേഖപ്പെടുത്തിയിരുന്ന ഏറ്റവും ഉയർന്ന മോഡലിന്റെ വില (ഐ.എസ്.ഐ) മാത്രമാണ് നോട്ട് ഫയലിലും നഗരസഭ കൗൺസിലേക്കുള്ള അജണ്ട നോട്ടിലും രേഖപ്പെടുത്തിയത്. കുറഞ്ഞ വില രേഖപ്പെടുത്തിയ മറ്റ് രണ്ട് മോഡലുകളുടെയും വിവരം നഗരസഭ കൗൺസിലിന്റെ പരിഗണനക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ നൽകിയ അജണ്ട നോട്ട് പ്രകാരം ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടർ നഗരസഭ കൗൺസിൽ അംഗീകരിക്കുകയാണുണ്ടായത് (തീരുമാനം നമ്പർ-20 Dtd 23/10/2020). പദ്ധതിക്കായി വാങ്ങിയതിലും കുറഞ്ഞ നിരക്കുകൾ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ അവ ഒഴിവാക്കി സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിരുന്ന ഏറ്റവും ഉയർന്ന മോഡലിന്റെ വിലമാത്രം കൗൺസിൽ പരിഗണനക്ക് നൽകിയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. വാങ്ങൽ സംബന്ധമായ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പദ്ധതി പ്രകാരം ചെലവഴിച്ച 1,48,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നഗരസഭയുടെ വാങ്ങൽ നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതിന്റെ അനിവാര്യതയാണ് ഇവിടെ വ്യക്തമാകുന്നത്. ഇതിന് നഗരസഭ കൌൺസിൽ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അധികം നല്കിയ തുക തിരികെ

ലഭ്യമാക്കിയില്ല.

പ്രോജക്റ്റ്നം-244/2021

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്രനിർമ്മാർജ്ജന സെൽ

അടങ്കൽ- 457900/-

ചെലവ്-454060/- ( ബിൽ നം-24/2020-21-Rs.454060 /-Dtd 19/01/2021)

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി പ്രകാരം 2020-21 ൽ 4,54,060/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ 27/11/2020 ൽ ലഭ്യമാക്കിയ TVM/ITBG/PI/RC

/20472/20-21 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം 22,703/- രൂപ വിലവരുന്ന 20 എണ്ണം ഉബണ്ടു-മീഡിയം എൻഡ്'' ലാപ് ടോപ്പുകൾ വാങ്ങുന്നതിനായാണ് ബിൽ പ്രകാരം മുൻകൂർ നൽകിയത്. എന്നാൽ ബിൽ തുക മാറി നൽകിയതിന് ശേഷം ലാപ്പ്ടോപ്പിന്റെ വിലയിൽ വർദ്ധനവുണ്ടായതായി കാണിച്ച് 04/03/2021 ൽ കെൽട്രോൺ TVM/ITBG/PI/RC/23198/20-21 നമ്പർ പ്രഫോർമ ഇൻവോയ്സ് നൽകിയിട്ടുണ്ട്. പുതുക്കിയ ഓഫറിൽ ഒന്നിന് 27,229/- രൂപ നിരക്കിൽ 4,35,664/- രൂപക്ക് 16 എണ്ണം 'ഉബണ്ടു-മീഡിയം എൻഡ്'' ലാപ് ടോപ്പുകളാണ് നൽകാമെന്ന് അറിയിച്ചത്. ഇത് പ്രകാരം 16 ഉബണ്ടു മീഡിയം എൻഡ് ലാപ് ടോപ്പുകൾ വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ മുൻകൂർ നൽകിയ 4,54,060/- രൂപയിൽ ചെലവഴിച്ച 4,35,664/- രൂപ കഴിച്ച് ബാക്കി 18,396/- രൂപ തിരികെ നൽകുവാൻ നാളിതുവരെ നഗരസഭ ആവശ്യപ്പെടുകയോ കെൽട്രോൺ അധികം വാങ്ങിയ തുക തിരികെ നൽകുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ-4,തിയതി 14/07/2022) മറുപടി ലഭ്യമാക്കിയില്ല. കെൽട്രോൺ അധികം വാങ്ങിയ 18,396/- രൂപ തിരികെ നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 പട്ടികജാതി വനിതകൾക്ക് ഡ്രൈവിംഗ് ലൈസൻസ്- പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ

പ്രോജക്ട് നം-375/2021
നിർവ്വഹണം - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്രനിർമ്മാർജ്ജന സെൽ
അടങ്കൽ- 133200/-
ചെലവ്-5000/-( ബിൽ നം-26/2020-21-Rs.5000/-dtd 19/01/2021)
നഗരസഭയിലെ പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് ഡ്രൈവിംഗ് ലൈസൻസ് (L.M.V) നൽകുന്ന പദ്ധതി പ്രകാരം 2020-21 ൽ 5000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് ശ്രീമതി.ലൈസ ജോസഫ് ,റോയൽ ലേഡീസ് ഡ്രൈവിംഗ് സ്കൂൾ കുണ്ടന്നൂർ എന്നയാളാണ് കരാർ ഏറ്റെടുത്തിരുന്നത്. ഒരു ഗുണഭോക്താവിന് ലൈസൻസ് എടുത്ത് നൽകുന്നതിന് ഡ്രൈവിംഗ് പരിശീലനം, ആർ.ടി.ഒ ഫീസ് എന്നിവ ഉൾപ്പടെ 9,600/-രൂപയാണ് നഗരസഭ ചെലവഴിച്ചിരിക്കുന്നത്. കരാർ പ്രകാരം ഇതിൽ 5000/-രൂപ അഡ്വാൻസായും ബാക്കി 4600/-രൂപ ഗുണഭോക്താവ് ലൈസൻസ് നേടിയ ശേഷവുമാണ് കരാറുകാരന് നൽകേണ്ടത്. ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട പതിനാറ് പേർക്കായി അഡ്വാൻസ് തുകയായി 80,000/-രൂപ 2019-20 സാമ്പത്തിക വർഷം തന്നെ കരാർ ഏറ്റെടുത്ത ശ്രീമതി.ലൈസ ജോസഫിന് നൽകിയിരുന്നു. എന്നാൽ ഇതിൽ 8 പേർ മാത്രമാണ് പരിശീലനം പൂർത്തിയാക്കി ലൈസൻസ് നേടിയത്. ലൈസൻസ് നേടിയ 8 പേരുടെ കരാർ പ്രകാരമുള്ള ബാക്കി തുകയായ 4600/-രൂപ വീതം 36800/-രൂപയും ഇതേ സാമ്പത്തിക വർഷം തന്നെ മാറിനൽകിയിട്ടുണ്ട്. 2020-21 ൽ മുൻകൂർ നൽകിയ 5000/-രൂപ ഉൾപ്പടെ 9 അപേക്ഷകർക്കായി മുൻകൂർ നൽകിയ 45,000/-രൂപ നാളിതുവരെ ഗുണഭോക്താക്കൾ പദ്ധതി പ്രകാരമുള്ള ലൈസൻസ് നേടാത്തതിനാൽ കരാറുകാരന് അധികമായി നൽകിയ സ്ഥിതിയാണ്.
പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥയോട് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ-3,തീയതി-14/07/2022) മറുപടി ലഭ്യമാക്കിയില്ല.
1)പഞ്ചായത്ത് നഗരപലിക സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ്(കൈ)22/2018/തസ്വഭവ,തിയതി-14/02/2018) ഖണ്ഡിക 6.4 സ്വയംതൊഴിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ടോ ഖണ്ഡിക 7.2 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതികളിലോ ഡ്രൈവിംഗ് പരിശീലനം ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഖണ്ഡിക പ്രകാരമുള്ള 8.5 പ്രകാരം തൊഴിൽ സംരംഭത്തിന്റെ ഭാഗമായല്ലാതെ പരിശീലനത്തിന് മാത്രമായി പ്രോജക്ട് ഏറ്റെടുക്കുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പരിശീലനത്തിനായി മാത്രം പദ്ധതി ഏറ്റെടുത്തതിനും പരിശീലനപരിപാടിയുടെ മുഴുവൻ തുകയും മുഴുവന് പദ്ധതി പ്രകാരം നൽകിയതും സംബന്ധിച്ച പ്രത്യേക സർക്കാർ അനുമതിയോ മാർഗ്ഗനിർദ്ദേശങ്ങളോ ലഭ്യമാക്കിയിട്ടില്ല.
2)പദ്ധതിയിൽ പരിശീലനത്തിനുള്ള മുഴുവൻ ചെലവും നഗരസഭ വഹിക്കുകയും മുൻകൂറായി തുക സ്ഥാപനത്തിന് നൽകുകയും ചെയ്യുന്ന സാഹചര്യത്തിലും പദ്ധതി പ്രകാരമുള്ള പരിശീലനം പൂർത്തിയാക്കുന്നതാണെന്ന് ഉറപ്പുവരുത്തുന്നതിന് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. അതിനാൽ മുൻകൂർ തുക നൽകിയ പരിശീലനം പൂർത്തിയാക്കുന്നത് ഗുണഭോക്താവിന്റെ ബാധ്യതയല്ലാത്ത സാഹചര്യമുണ്ടായി.
3)2020-21 ൽ നൽകിയ 5000/-രൂപ ഉൾപ്പടെ 9 അപേക്ഷകർക്കായി മുൻകൂർ നൽകിയ 45,000/- രൂപയുടെ ചെലവ് നടക്കാത്ത സാഹചര്യത്തിലും അധികം ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പദ്ധതി പ്രകാരം നഗരസഭ ചെലവഴിച്ച 45,000/-രൂപയുടെ വിനിയോഗം നടന്നതിനുള്ള രേഖകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധികം നൽകിയ തുക തിരിക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 45,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർ ടാങ്ക് - അധിക സബ്സിഡി നല്കി

പ്രോജക്ട് നം-258/2021

നിർവ്വഹണം - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്രനിർമ്മാർജ്ജന സെൽ

അടങ്കൽ- 35000/- (T.S.P)

ചെലവ്-34796/- ( ബിൽ നം-37/2020-21-Rs.34796 /-Dtd 08/03/2021)

നഗരസഭയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് പി .വി.സി വാട്ടർടാങ്ക് നൽകുന്ന പദ്ധതി പ്രകാരം 2020-21 ൽ 34796/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ സെൽടെക്, എടത്തല എന്ന സ്ഥാപനം ലഭ്യമാക്കിയ 2700/-രൂപ വിലവരുന്ന 500 ലിറ്റർ കപ്പാസിറ്റിയുള്ള 13 ടാങ്കുകളാണ് വാങ്ങി (ഇൻവോയ്സ് നമ്പർ -12 തീയതി- 28/01/2021) വിതരണം നടത്തിയിട്ടുള്ളത്. പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ തീയതി 14/02/2018) ഖണ്ഡിക 6.6 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പി.വി.സി വാട്ടർടാങ്കിന് നൽകാവുന്ന പരമാവധി സബ്സിഡി 75% ആണ്. ബാക്കി 25% ഗുണഭോക്തൃ വിഹിതം തദ്ദേശസ്ഥാപനത്തിൽ അടക്കണം. ഈ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും നൽകി. പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും നൽകിയത് സംബന്ധിച്ച് പ്രത്യേക അനുമതിയോ ഉത്തരവോ നേടിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ -7 തീയതി 14/07/2022) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ പ്രകാരം 25% ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടിയിരുന്ന 8775/-രൂപ വികസനഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായത് തിരികെ ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-32 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്കും പെൻഷൻ വിതരണം നടത്തുന്നു.

മരണറിപ്പോർട്ടുകൾ (2020-21) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാത്തതു മൂലം പെൻഷൻ അക്കൗണ്ടുകളിലേക്ക് നിലവിലും തുകകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതായി സ്റ്റാറ്റസ് കാണിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 25/19.07.2022) മറുപടി ലഭ്യമാക്കിയില്ല.

A. വിധവ പെൻഷൻ

| ക്രമ നം. | പേര് | പെൻഷൻ ID | മരണപ്പെട്ട തീയതി | തുക | അനർഹമായ കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | മേഴ്സി പീറ്റർ, കാട്ടിത്തറ, മാർട്ടിൻപുരം. ( മരണ രജി. നം. 582/20) | 106670600528 | 18.08.2020 | 34100/- | 09/2020-06/2022 | ആക്ടീവ് (തുക SBI അക്കൗണ്ടിൽ നിക്ഷേപിച്ചു.) |

B. വാർദ്ധക്യ കാല പെൻഷൻ (അനർഹമായ കാലയളവിൽ ബാങ്കിനു കൈമാറിയിരിക്കുന്ന തുകകൾ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ UTR നമ്പർ സഹിതം രേഖകൾ ലഭ്യമാക്കേണ്ടതാണ്.)

| ക്രമ നം. | പേര് | പെൻഷൻ ID | മരണപ്പെട്ട തീയതി/ സസ്പെൻറ് ചെയ്ത തീയതി | തുക | അനർഹമായ കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പി.വി.മേരി, പുളിപ്പറമ്പിൽ, കാട്ടിത്തറ, മരട്. (മരണ രജി. നം. 399/07.07.20) | 106670200023 (വാർദ്ധക്യകാല പെൻഷൻ) | 09.06.2020/ 20.06.2022 | 35900/- | 07/2020 – 05.2022 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. ( Indian Overseas Bank) |

C. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യാൻ കാലതാമസം വന്നതിനാൽ ടി അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്ട് ടു ഹോം) കൈമാറാൻസാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യാൻ കാലതാമസം വരുന്നതിനാൽ ടി അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്ട് ടു ഹോം) കൈമാറാൻ സാധിക്കാറില്ല. ആയതിനാൽ പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതോടൊപ്പം ടി അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ മുഴുവൻ ഗുണഭോക്താവിന് ലഭ്യമായിട്ടുണ്ടെന്നും അല്ലാത്തപക്ഷം അനർഹമായ കാലയളവിലെ തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കി എന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരം ചെയ്യാത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി/ സസ്പെൻറ് ചെയ്ത തീയതി | തുക | അനർഹമായ കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | അഗസ്റ്റിൻ (വാർധക്യകാല പെൻഷൻ) | 426942248483 | 01.10.2020/ 18.10.2021 | 17100 | 11/20 - 09/21 | കൈമാറാൻ സാധിച്ചില്ല. ( ഡയറക്റ്റ് ട്ട ഹോം.) |

D. (സർക്കാർ ഉത്തരവ് ( M.S.) നം. 97/2020ധന തീ. 23.09.20 പ്രകാരമുള്ള മുന്നറിയിപ്പായി) മരണപ്പെട്ട എന്ന് സഹകരണ സംഘങ്ങൾ രേഖപ്പെടുത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ സസ്പെൻഡ് ചെയ്യാൻ ബാക്കിയുണ്ട് എന്ന ഓൺലൈൻ മെസ്സേജ് പ്രകാരം പരിശോധിച്ചതിൽ 36 പേരുവിവരങ്ങൾ കാണുന്നുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | Pension ID | പേര്/ | പെൻഷൻ | ഡയറക്റ്റ് ട്ട ഹോം - തുക കൈമാറാൻ സാധിച്ചിട്ടില്ല - |
|---|---|---|---|---|
| 1 | 106670100011 | കുഞ്ഞമ്മ | കർഷക തൊഴിലാളി പെൻഷൻ ആക്റ്റീവ് | 9600/- |
| 2 | 106670100022 | കെ.കെ.ജാനകി | " | 14400/- |
| 3 | 106670100041 | കുറുമ്പ | " | 20800/- |
| 4 | 106670100113 | ദേവകി | " | 22400/- |
| 5 | 106670100131 | തങ്കമ്മ | വാർദ്ധക്യകാല പെൻഷൻ ആക്റ്റീവ് | 11200/- |
| 6 | 112470200040 | കുഞ്ഞുപാത്തുമ്മ | " | 11200/- |
| 7 | 112470200287 | മാധവൻ | " | 9600/- |
| 8 | 112470200297 | രുക്മിണി രാമൻ | " | 22400/- |
| | | ആകെ | | 1,21,600/- |

ഏതാനും ഉദാഹരണങ്ങൾ (8 എണ്ണം) മാത്രമാണ് മുകളിൽ ചേർത്തിരിക്കുന്നത്. മരണപ്പെട്ട എന്ന് സഹകരണ സംഘങ്ങൾ രേഖപ്പെടുത്തിയ 36 അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാതെ നിലവിലും ടി അക്കൗണ്ടുകളിലേക്ക് പെൻഷൻ വിതരണം നടത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ 36 അക്കൗണ്ടുകളുടെ കൈമാറാൻ സാധിക്കാത്ത തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ( UTR No. ) ലഭ്യമാക്കേണ്ടതാണ്.

E. സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാൻ ബാക്കിയുള്ളത് മാത്രമാണ് ഓൺലൈൻ മെസ്സേജ് പ്രകാരം അറിയിച്ചിട്ടുള്ളത്. എന്നാൽ മറ്റ് ബാങ്കുകൾ ഈ വിവരം അറിയിച്ചിട്ടില്ല. ആയതിനാൽ തുകകൾ നിലവിലും ബാങ്കുകൾക്ക് കൈമാറുകയും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയോ നിക്ഷേപിക്കാൻ സാധിക്കാതിരിക്കുകയോ ചെയ്യുന്നുണ്ട്. ടി തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കേണ്ട തുകകളാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം. | പേര് | പെൻഷൻ ID | മരണപ്പെട്ട തീയതി | തുക | അനർഹമായ കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | ശ്രീനിവാസൻ, പാറയിൽ | 112470200558 (വാർധക്യകാല പെൻഷൻ) | 18.07.2020 | 34500 /- | 09/2020- 06/2022 | ആക്റ്റീവ് , ബാങ്കിനു കൈമാറിയ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല. |

മേൽ ഗുണഭോക്താവിന്റെ മരണശേഷം ബാങ്ക് അക്കൗണ്ട്, അവകാശികൾ ക്ലോസ് ചെയ്തതായി ഫോൺ അന്വേഷണത്തിലൂടെ ഓഡിറ്റിന് അറിയാൻ കഴിഞ്ഞു. എന്നാൽ ടി അക്കൗണ്ട് ക്ലോസിംഗിനു ശേഷവും പെൻഷൻ തുക വിജയാ ബാങ്കിനു കൈമാറിക്കൊണ്ടിരിക്കുന്നതായാണ് പരിശോധനയിൽ കാണുന്നത്. നഗരസഭ ഇദ്ദേഹത്തിന്റെ മരണം 481/20 എന്ന നമ്പരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധുക്കൾ മരണവിവരം അറിയിച്ച മുറയ്ക്ക് നഗരസഭ, പെൻഷൻ സസ്പെന്റ് ചെയ്യാത്തതിനാൽ ആണ് പെൻഷൻതുക (34500/-രൂപ) ബാങ്കിനു കൈമാറിയിരിക്കുന്നത്. ഇത്തരത്തിൽ മറ്റ് അക്കൗണ്ടുകളിലും സംഭവിക്കുന്നുണ്ട്. ഇത്തരത്തിൽ പെൻഷൻ വിതരണം നിരുത്തരവാദപരമായി കൈകാര്യം ചെയ്ത് സർക്കാർ ഫണ്ടിന് നഷ്ടം വരുത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മരണപ്പെട്ട ഗുണഭോക്താക്കളുടെ/ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ- 001101023000269 ഐ.എഫ്.എസ് കോഡ്- KSBK0000101. വിതരണത്തിനായി ബാങ്കുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതും എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ സാധിക്കാത്തതുമായ തുകകൾ സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുകളിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കി തുകകൾ തിരികെ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഏതെല്ലാം ബാങ്കുകൾ വഴിയാണ് നഗരസഭയിലെ പെൻഷൻ വിതരണം നടത്തുന്നത് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുകകൾ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. മേൽനോട്ടത്തിന്റെ പോരായ്മ മൂലമാണ് അപാകതകൾ സംഭവിച്ചിരിക്കുന്നത് . നഗരസഭയിൽ നിലവിൽ മരണ രജിസ്ട്രേഷൻ, പെൻഷൻ വിതരണം എന്നിവ തമ്മിൽ ബന്ധപ്പെടുത്തി മരണപ്പെടുന്നവരുടെ പെൻഷൻ വിതരണം സസ്പെന്റ് ചെയ്യുന്നതിനും അനർഹമായ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കുന്നതിനും ഓഫീസ് ഓർഡർ വഴി നിർദേശങ്ങളും തുടർനടപടികൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

F. താഴെ പറയുന്ന ഗുണഭോക്താവിന്റെ KBOCWWB EKM Pension ഇപ്പോഴും ആക്ടീവായി തുടരുന്നു. മരണം രജിസ്റ്റർ ചെയ്യപ്പെട്ട തദ്ദേശസ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട വെൽഫെയർ ഫണ്ട് ബോർഡിനെ വിവരം അറിയിച്ചിരുന്നോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി | സ്റ്റാറ്റസ് |
|---|---|---|---|---|
| 1. | C.K. പങ്കജാക്ഷി | 687600526177 | 08.10.2020 | KBOCWWB EKM. Pension Active ( Pen ID . 2043116281 ) |

അനർഹമായ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം (UTR No) ലഭ്യമാക്കേണ്ടതാണ്.
പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. നഗരസഭയിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി നഗരസഭയിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും നഗരസഭാ കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെൻറ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കാത്തതിനാൽ ടി ക്ഷേമനിധി ബോർഡ് പെൻഷനുകൾ ആക്ടീവ് ആയി തുടരുന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബാങ്കുകളുടെ കൈവശമുള്ള കൈമാറാൻ സാധിക്കാത്ത തുകകളുടെ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-33 നായകളുടെ ലൈസൻസ്- പേവിഷബാധ നിർമാർജ്ജനം- കോ-ഓർഡിനേഷന്റെ അഭാവം

വെറ്റിനറി സർജന്റെ പ്രോജക്ട് - പേവിഷബാധ നിർമാർജനം, നം. 127/2020-21 പ്രകാരം 20,000/-രൂപ ചെലവഴിച്ച് (ബിൽ.നം.6/22.12.2020) നഗരസഭയിലെ 90 നായകൾക്ക് പേ വിഷബാധയ്ക്ക് വാക്സിൻ നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം അദർ ലൈസൻസിംഗ് ഫീ RP- 4, 140119900 എന്ന ഹെഡിൽ വരവ് 962/- രൂപ മാത്രമാണ്. (ഡോഗ് ലൈസൻസ് എന്ന ഹെഡ് ചേർത്തിട്ടില്ല.) മേൽ പ്രോജക്ട് പ്രകാരം വാക്സിൻ നൽകിയ 90 നായകൾക്ക് ലൈസൻസ് നൽകിയിരുന്നെങ്കിൽ 90 X 100 = 9000/- രൂപ ഡോഗ് ലൈസൻസ് ഫീസ് ഇനത്തിൽ വരവ് ഉണ്ടാകുമായിരുന്നു. മാത്രമല്ല നഗരസഭയിലെ 90 നായകളെയെങ്കിലും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും ചെയ്യാമായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ലൈസൻസില്ലാത്ത നായകൾ മൂലം പൊതുജനങ്ങൾക്കുണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾക്ക് തദ്ദേശ ഭരണകൂടം ഉത്തരവാദിയാകുമെന്നതിനാൽ, ടി വിഷയം നിരുത്തരവാദപരമായി കൈകാര്യം ചെയ്തിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/17.07.2022) മറുപടി ലഭ്യമാക്കിയില്ല. വാക്സിൻ നൽകുന്നതുമായി ബന്ധപ്പെടുത്തി നായകളുടെ ലൈസൻസ് നൽകലും ക്രമീകരിക്കാമായിരുന്നു. പ്രോജക്ടുകളുടെ രൂപീകരണം നടത്തുമ്പോൾ തന്നെ ഇപ്രകാരമുള്ള സാധ്യതകൾ മുന്നിൽക്കണ്ട് അവയും കൂടി പ്രോജക്ടിൽ രേഖപ്പെടുത്തുവാൻ ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. നഗരസഭാ പരിധിയിലുള്ള നായകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 നഗരസഭയിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകുന്നതിലെ അപാകതകൾ

ഓഡിറ്റ് വർഷത്തിൽ നഗരസഭയിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യാപാര ലൈസൻസ് അനുവദിക്കുന്നതും പുതുക്കി നൽകുന്നതുമായ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2011 ലെ കേരള മുനിസിപ്പാലിറ്റി ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം,വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തേയും സുതാര്യമായ മാനദണ്ഡപ്രകാരം എ,ബി,സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1-ഉം, 2-ഉം പട്ടികകളിൽ പെടുന്ന ഇനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനു വിധേയമായി നഗരസഭ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. ലൈസൻസ് ഫീസ് നിശ്ചയിച്ച് കൊണ്ടുള്ള വിജ്ഞാപനം ചട്ടം പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.എന്നാൽ നഗരസഭയിൽ ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ചതായ യാതൊരു വിവരങ്ങളും ലഭ്യമല്ല. ഓരോ വ്യാപാരങ്ങൾക്കുമുള്ള മുതൽമുടക്ക് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

2) 2020-21 വർഷം ലൈസൻസിനായി അപേക്ഷിച്ച വിവിധ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ചതിൽ, അവയോടൊപ്പം ഫാക്ടറീസ് &ബോയിലേഴ്സ് ലൈസൻസ് സർട്ടിഫിക്കറ്റ്, കേരളാ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നോൺ പൊല്യൂഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഇല്ലാതെയാണ് നഗരസഭ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. ചില സ്ഥാപനങ്ങൾ ഇവ പിന്നീട് ഹാജരാക്കാമെന്ന സത്യവാങ്ങ്മൂലമാണ് ലഭ്യമാക്കിയിട്ടുള്ളത്. പിന്നീട് ഇവ ഹാജരാക്കിയോ എന്നത് വ്യക്തമല്ല.

3) ലൈസൻസ് ചട്ടങ്ങളിലെ പട്ടിക 1 ലെ ക്രമ നം.154 പ്രകാരം കള്ള് ഷാപ്പുകൾക്കും മദ്യഷാപ്പുകൾക്കും പട്ടിക 2 ലെ ക്രമ നം.54 പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, ക്രമ നം.95 പ്രകാരം ഓഡിറ്റോറിയങ്ങൾ,കല്യാണമണ്ഡപങ്ങൾ, ക്രമ നം.23 പ്രകാരം മത്സ്യവില്പന ,ക്രമനമ്പർ 12 പ്രകാരം ചിട്ടി, മണിലെൻഡിംഗ്, കുറി എന്നിവയ്ക്കും ലൈസൻസ് ആവശ്യമുണ്ട്. എന്നാൽ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഇത്തരം സ്ഥാപനങ്ങളിൽ പലതിനും ലൈസൻസ് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല.

4)നഗരസഭയിൽ ലൈസൻസ് എടുക്കേണ്ട മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ, ലൈസൻസില്ലാതെ ഏതെല്ലാം സ്ഥാപനങ്ങളാണ് നഗരസഭയിൽ പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല. ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

5)ലൈസൻസിനായി അപേക്ഷിച്ച വിവിധ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ അപേക്ഷകളിലോ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ട പല സ്ഥാപനങ്ങളുടെ വിവരങ്ങളും ഇതിനാൽ ലഭിക്കുന്നില്ല. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ അവയുടെ വാടക കരാർ ഹാജരാക്കുന്നില്ല. പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ അന്വേഷണ റിപ്പോർട്ട് മാത്രമാണ് തയ്യാറാക്കുന്നത്. വാടക കരാർ, കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ ഒടുക്കിയതിന്റെ രസീതിന്റെ കോപ്പിയും അപേക്ഷകളോടൊപ്പം ലഭ്യമല്ല. ലൈസൻസ് രജിസ്റ്ററിലെ തുകയും അക്കൌണ്ട്സ് പ്രകാരമുള്ള തുകയും റീകൺസൈൽ ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 6/2020-21,തീയതി-14/07/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-35 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ധനസഹായം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ധനസഹായം |
| പ്രോജക്ട് നമ്പർ | 219/20-21 |
| അടങ്കൽ | 10,00,000/- |
| ചെലവ് | 10,00,000/- |
| ബിൽ നം. തീയതി | 4/20-21, 21.01.2021 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ധനസഹായമായി മേൽ പ്രോജക്ട് പ്രകാരം 10,00,000/- രൂപ 70101140000131 എന്ന അക്കൗണ്ട് നമ്പരിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ലാത്തിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി മുഖേന (നം.14/17.07.2022)ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ തുക (10,00,000/-) തടസ്സപ്പെടുത്തുന്നു.

## 1-36 അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി - ബാധകമല്ലാത്ത ജി.എസ്.ടി. നൽകി

അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടികളിൽ പോഷകാഹാര പദ്ധതി |
| പ്രോജക്ട് നമ്പർ | 211/20-21 |
| അടങ്കൽ | 48,00,000/- |
| ചെലവ് | 32,56,006/- |
| ബിൽ നം. തീയതി /തുക | 2/13.10.2020, 14,46,309/-<br>3/22.12.2020, 16,61,286/-<br>7/22.03.2021, 1,48,411/- |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നത് രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017-Central Tax (Rate)ലെ ക്രമനം-66,ക്ലോസ്(b)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ മരട് നഗരസഭയിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് വില ഈടാക്കിയതെന്ന് കാണുന്നു (73.5/KG). ജി.ഒ.നം(സാധാ)1450/2018തസ്വഭവ,തീ-25.05.2018 പ്രകാരം ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് 73.50/ KG. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ഇൻവോയ്സ് നം, തീയതി | തുക (ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ) |
|---|---|---|
| 1 | 108/19.03.20 | 96570.00 |
| 2 | 156/15.08.20 | 136752.00 |
| 3 | 168/16.09.20 | 124764.00 |
| 4 | 132/23.05.20 | 97680.00 |
| 5 | 131/20.04.20 | 97680.00 |
| 6 | 185/03.11.20 | 148148.00 |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം നഗരസഭാ ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-14/17.07.2022) മറുപടി ലഭ്യമാക്കിയില്ല. ന്യൂട്രിമിക്സിന്റെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തിനാൽ ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം സ്ഥാപനം ഈടാക്കിയിരിക്കുന്ന തുക എത്രയാണെന്നും ടി തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി രാമമംഗലം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്ന് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം സ്ഥാപനം ഈടാക്കിയിരിക്കുന്ന തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസ് അടവാക്കൽ- പദ്ധതി നിർവ്വഹണം നടത്തിയതിന്റെ

മുഴുവൻ വിശദാംശങ്ങളുമില്ല

| | |
|---|---|
| പദ്ധതി, നമ്പർ | തുല്യത പരീക്ഷ രജിസ്ട്രേഷൻ ഫീസ്, 134/20-21 |
| ബിൽ/ചെക്ക് നം. | 437898/31.03.2021 |
| അടങ്കൽ | 100000/- (തനത്ഫണ്ട്) |
| ചെലവ് | 100000/- |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ |

മേൽ പദ്ധതി പ്രകാരം പത്താം തരം തുല്യത കോഴ്സ്, ഹയർ സെക്കണ്ടറി തുല്യത കോഴ്സ്, അച്ഛി ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി ഫയൽ പരിശോധനയിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. തുല്യത പരീക്ഷക്കുള്ള രജിസ്ട്രേഷൻ കോഴ്സ് ഫീസ് അടവാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിനും തുക വിനിയോഗിച്ചതായി കാണുന്നു. വിഭാവനം ചെയ്യാത്ത പുതിയ പദ്ധതി നടപ്പാക്കിയത് ശരിയായ നടപടിക്രമമല്ല.

2. ഹയർ സെക്കന്ററി തുല്യത കോഴ്സിന് 20 പേർക്കാണ് ഫീസ് അടവാക്കിയത്. സാക്ഷരതാമിഷന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 16 പേരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ നമ്പറിനൊപ്പം 12.07.21 എന്നും, 4 പേരുടേത് അപേക്ഷ നമ്പറിനൊപ്പം 12.07.22 എന്ന് രേഖപ്പെടുത്തിയതായി കാണുന്നു. രജിസ്ട്രേഷൻ നടന്ന തീയതി സംബന്ധിച്ച മറ്റ് രേഖപ്പെടുത്തലുകളൊന്നും സർട്ടിഫിക്കറ്റിൽ കാണാൻ സാധിച്ചിട്ടില്ല.

3. ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സിന്റെ അപേക്ഷ/രജിസ്ട്രേഷൻ ഫോറത്തിൽ അപേക്ഷ നമ്പർ, ബാച്ച്, വർഷം, മിഷൻ ഡയറക്ടറുടെ ഒപ്പ് എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കോഴ്സുമായി ബന്ധപ്പെട്ട മറ്റ് രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

4. 2020-21 വർഷം രജിസ്റ്റർ ചെയ്ത പഠിതാക്കൾക്ക് പരിശീലനം ലഭിച്ചതിന്റെയും പരീക്ഷക്ക് ഹാജരായതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷം കോവിഡ് കാലമായതിനാലും പദ്ധതിക്കായി ചെലവഴിച്ച തുക തൻവർഷം ഉള്ള പഠിതാക്കൾക്ക് തന്നെയാണോ ഉപയോഗപ്പെടുത്തിയത് എന്നുറപ്പുവരുത്താനായിട്ടില്ല. ആയതിനാൽ 2019 -20 (പദ്ധതി നം.36,ചെലവ് :131700/-) 2021-22 (പദ്ധതി നം-429, ചെലവ് :67250/-) എന്നീ വർഷങ്ങളിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച രേഖകൾ ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കി 2020-21ൽ ചെലവഴിച്ച തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.34/20.07.2022)

## 1-38 ക്വട്ടേഷൻ നടപടിക്രമം പാലിക്കാതെ സാധനങ്ങൾ വാങ്ങി.

പദ്ധതി നം. 154/20-21

ബിൽ നം. 4/20-21, 29.03.2021

അടങ്കൽ : 35000/- (ധനകാര്യകമ്മിഷൻഅവാർഡ്)

ചെലവ് : 35000/-

നിർവ്വഹണം : ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ.

പദ്ധതി : മരട് മാങ്കായിൽ ഹയർ സെക്കന്ററി സ്കൂളിലേക്ക് ഗോദറേജ് അലമാരയും ലൈബ്രറി ഷെൽഫും.

മേൽ പദ്ധതി പ്രകാരം ഒരു ക്വട്ടേഷൻ മാത്രം വാങ്ങി ഗോദറേജ് വിലപന സ്റ്റോറിൽ നിന്നും ഗോദറേജ് ഉപകരണങ്ങൾ നേരിട്ട് വാങ്ങുകയാണ് ചെയ്തത്. ഇത് ശരിയായ നടപടിക്രമമല്ല. കൂടാതെ ഒരു പ്രത്യേക നിർമ്മാതാവിന്റെ ബ്രാന്റ് നെയിം പറഞ്ഞുകൊണ്ട് ക്വട്ടേഷൻ ക്ഷണിക്കുവാനോ വാങ്ങുവാനോ പാടില്ലാത്തതാണ്. എന്നാൽ ഗോദറേജ് ഉൽപ്പന്നത്തിനുവേണ്ടി മാത്രം പദ്ധതി വച്ച് വാങ്ങിയത് ശരിയായ നടപടിക്രമമല്ല. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.35/20.07.2022 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. )

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി).നം. 259/2010/ത.സ്വ.ഭ.വ തിയ്യതി.08.11.2010) പ്രകാരമാണ് സാധനങ്ങൾ വാങ്ങേണ്ടത്. മേൽ പറഞ്ഞ വാങ്ങൽ 5000/- രൂപക്ക് മുകളിലും 50000/- രൂപക്ക് താഴെയുമായതിനാൽ മൂന്ന് വിതരണക്കാരിൽ നിന്നും ക്വട്ടേഷനുകൾ വാങ്ങേണ്ടതും, നോട്ടീസ് ബോർഡ് വെബ്സൈറ്റ് വഴി അറിയിക്കേണ്ടതും, സോഷ്യൽ ഓഡിറ്റ് കമ്മറ്റി അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ തുറക്കേണ്ടതുമാണ്. സാധനങ്ങളുടെ വിശദാംശങ്ങളും നിരക്കും, വിതരണ വാറണ്ടി നിബന്ധനകളും ഉൾപ്പെടുത്തി വാങ്ങൽ ഉത്തരവുകൾ നൽകേണ്ടതുമാണ്. എന്നാൽ മേൽ നടപടികളൊന്നും പാലിക്കാതെ നേരിട്ട് വാങ്ങിയത് ഉചിതമായ നടപടിയല്ല . സാധനങ്ങൾ വാങ്ങുമ്പോൾ മേൽ ഉത്തരവ് പാലിക്കേണ്ടതാണ്.

## 1-39 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ, മരട്. |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 140/2020-21 |
| അടങ്കൽ | 1035890/-(പ്ലാൻ-ജനറൽ) |
| ചെലവ് | 1035890/- |
| ബിൽ നം. | 1/20-21/08.12.2020 |

മുനിസിപ്പാലിറ്റി പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ (സമഗ്ര ശിക്ഷ കേരളം) പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. എസ്.എസ്.കെ യുടെ 2020-21 -ലെ മൊത്തം പ്രവർത്തന കലണ്ടറും 8.12.220 ലെ 42408 നം കൈപ്പറ്റ് രസീതും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.കെ-ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. നഗരസഭയിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് നഗരസഭ ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. 2020-21 ന്റെ പ്ലാൻ ഫോർമാറ്റിൽ ട്രാൻസ്പോർട്ട്(ഔട്ട്ഓഫ് സ്കൂൾ സ്റ്റുഡന്റ്സ് ഷെയർ 14400/-രൂപയും) പ്രീപ്രൈമറി-20042/-, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് 10800/- തുടങ്ങിയ ചെലവുകൾക്കായാണ് എസ്.എസ്.കെ തുക ആവശ്യപ്പെട്ടിട്ടുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ ഇവ നടന്നിട്ടുണ്ടോയെന്നും ഈ തുക ഏതെല്ലാം രീതിയിലാണ് മുനിസിപ്പാലിറ്റി പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് പരിശോധിക്കേണ്ടതും 2020-21ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് . പ്രസ്തുത വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-40 ഹയർ സെക്കന്ററി സ്കൂളിലേക്ക് വാങ്ങി വിതരണം ചെയ്ത ഫർണ്ണിച്ചറിന്റെ സ്റ്റോക്ക് വിശദാംശങ്ങളില്ല.**

| | |
|---|---|
| പദ്ധതി നം. | 233/21 |
| പദ്ധതി | ഹയർ സെക്കന്ററി സ്കൂളിലേക്ക് ബഞ്ച്, ഡസ്ക്ക്, ലക്ച്ചർ സ്റ്റാന്റ് വാങ്ങൽ. |
| ബിൽ നം. | 3/20-211 /8.03.2021 |
| അടങ്കൽ | 350000/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 350000/- |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ |

മേൽ പദ്ധതി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ കേരള സിഡ്കോയിൽ നിന്നും 350000/- രൂപക്ക് മുപ്പത്തി ഒന്ന് വീതം ഡെസ്ക്ക് ബെഞ്ച്, ആറ് ലക്ച്ചർ സ്റ്റാന്റ് എന്നിവയാണ് വാങ്ങിയത്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്ഥാപനത്തിലെ സ്റ്റോക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. അവ വിതരണം ചെയ്തതിന്റെ വിവരങ്ങൾ പ്രസ്തുത സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണ വിവരങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മങ്കായിൽ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ ഇൻചാർജ് മേൽ പറഞ്ഞ സാധനങ്ങൾ 6.6.2021ന് ലഭിച്ചതായി 14.07.22ന് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രത്തിൽ 300000/- രൂപയുടെ ഫർണിച്ചർ മാത്രം ലഭ്യമായതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇവ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുറപ്പാക്കാനായിട്ടില്ല. ഗവ.ഹയർ സെക്കന്ററി സ്കൂളിൽ നാളിതുവരെ ലഭിച്ച സാധനങ്ങളുടെ സ്റ്റോക്ക് തൻവർഷത്തേതുൾപ്പെടെ നമ്പർ ചെയ്ത് ഇനം തിരിച്ച് രേഖപ്പെടുത്തി കാലികമാക്കി അടുത്ത പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 37/20.07.2022)

**1-41 ലാപ്പ്ടോപ്പിന് വേണ്ടി നൽകിയ തുകക്കുള്ള ഇൻവോയിസ് ലഭ്യമാക്കിയില്ല.**

| | |
|---|---|
| പദ്ധതി നം. | 133/21 |
| പദ്ധതി | മരട് മങ്കായിൽ വി.എച്ച്.എസ്.സി-യിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ. |
| നിർവ്വഹണം | പ്രിൻസിപ്പൽ, ഗവ.വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂൾ, മാങ്കായിൽ. |
| അടങ്കൽ | 205000/- (മെയിന്റനൻസ്-നോൺറോഡ്). |
| ചെലവ് | 92220/- |
| ബിൽനം,തീയതി | 1192202 / 05.03.2021. |

പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പുകൾ വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിലെ മാത്തമാറ്റിക്ക്സ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനാണ് നൽകിയിട്ടുള്ളത്. കെൽട്രോണിന്റെ 27/11/2020-ലെ TVM/ITBG/PI/RC/22510/20-21,1.3.21, നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം 27460/-രൂപ വിലവരുന്ന ഉബണ്ടു ഓപ്പറേറ്റിങ്ങ് സിസ്റ്റം ഉള്ള ഏഴ് ലാപ്ടോപ്പുകൾ വാങ്ങുന്നതിനായാണ് ബിൽ പ്രകാരം 1,92,220/-രൂപ മുൻകൂർ നൽകിയത്. എന്നാൽ ബിൽ തുക മാറി നൽകിയതിന് ശേഷം ലഭ്യമായ ലാപ്ടോപ്പിനൊപ്പമുള്ള അസ്സൽ ഇൻവോയ്സിൽ 183272.88/-രൂപയാണ് മൊത്തം വിലയായി രേഖപ്പെടുത്തിയത്. മുൻകൂർ നൽകിയ തുകയും ഇൻവോയിസിലെ തുകയും തമ്മിലുള്ള വ്യത്യാസം 8947.12/-രൂപ പരിശോധിച്ച് കെൽട്രോണുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.38/20.07.2022)

## 1-42 കുട്ടികൾക്ക് വേണ്ടി വാങ്ങിയ കായിക ഉപകരണങ്ങൾ ലഭിച്ച് ഒരു വർഷത്തിലധികമായിട്ടും ഉപയോഗപ്പെടുത്തിയില്ല.

| | |
|---|---|
| പദ്ധതി നം. | 167/20-21 |
| പദ്ധതി | ജി.എൽ. പി. സ്കൂൾ, മാങ്കായിൽ, ജെ.ബി.എസ്. കുണ്ടന്നൂർ - കുട്ടികൾക്ക് കായിക ഉപകരണങ്ങൾ വാങ്ങൽ. |
| ബിൽ നം | 11977130/6.03.2021 |
| അടങ്കൽ | 100000/- (മെയിന്റനൻസ്-നോൺറോഡ്) |
| ചെലവ് | 100000/- |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. ലോവർ പ്രൈമറി സ്കൂൾ, മാങ്കായിൽ. |

മേൽ പദ്ധതിക്കായി ലഭ്യമായ 3 ടെണ്ടറുകളിൽ നിന്നും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 'പ്ലേവെൽ സ്പോർട്സ്', കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നുമാണ് കുട്ടികൾക്കായുള്ള മേൽ പറഞ്ഞ കായിക ഉപകരണങ്ങൾ 100000/-രൂപക്ക് വാങ്ങിയത്. (ഇൻവോയിസ് .നം B-3362/22 02 2021). ഇതിൽ ജെ.ബി.എസ്. കുണ്ടന്നൂർ സ്കൂളിലേക്ക് ഏതാനും കായിക ഉപകരണങ്ങൾ നൽകി ആയതിന്റെ കൈപ്പറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഉപകരണങ്ങൾ ജി.എൽ.പി. സ്കൂൾ, മങ്കായിൽ സൂക്ഷിച്ചിട്ടുണ്ട്. നിർവ്വഹണത്തിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.മേൽ പറഞ്ഞ പ്രകാരം 3 ടെണ്ടർ ഫോറത്തിനുള്ള തുക നഗരസഭയിൽ അടവാക്കിയിട്ടുണ്ടെങ്കിലും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത മാതൃകയിലുള്ള ഫോറത്തിലല്ല ടെൻഡർ സമർപ്പിച്ചിട്ടുള്ളത്. ക്വട്ടേഷൻ രൂപത്തിലാണ് നിരക്കുകൾ സമർപ്പിച്ചിട്ടുള്ളത്.

2.ജി.എൽ. പി. സ്കൂൾ, മങ്കായിൽ, സ്കൂളിൽ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3.ജി.എൽ. പി. സ്കൂൾ, മങ്കായിൽ ഭൗതിക പരിശോധന നടത്തിയതിൽ ഉപകരണങ്ങൾ ഉപയോഗിക്കാതെ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു (ഉദാ-ബാസ്കറ്റ് ബോൾ ബോർഡ്, റിം, ടി.എഫ് ഹർഡിൽസ്, സ്പീഡ് ലാഡർ മുതലായവ) ജി.എൽ.പി.എസ് -ലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്തതിനാൽ ഇവയുടെ കൃത്യത ഉറപ്പ് വരുത്താനായില്ല.

4.കായിക ഉപകരണങ്ങൾ കുട്ടികളുടെ ആവശ്യങ്ങൾക്കായി വാങ്ങിയതാണെങ്കിലും അവ ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

5.ജെ.ബി.എസ്, കുണ്ടന്നൂർക്ക് നൽകിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-40/20.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പണം ഉപയോഗിച്ച് വാങ്ങിയ പ്രസ്തുത ഉപകരണങ്ങൾ യഥാസമയം ഉപയോഗപ്പെടുത്താത്തത് പദ്ധതിപണം പാഴാക്കുന്നതിന് തുല്യമാണ്. മേൽ പരാമർശം സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-43 എൽ പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

എൽ പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പദ്ധതി നം. | 165/20-21 |
| പദ്ധതി | ഡൈനിംഗ് ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ. |
| ബിൽ നം | 08/30.03.2021 |
| അടങ്കൽ | 300000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 300000/- |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവ. ലോവർ പ്രൈമറി സ്കൂൾ, മാങ്കായിൽ |

മേൽ പദ്ധതി പ്രകാരം 3 ടെണ്ടറുകൾ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട്ചെയ്ത (അടങ്കൽ തുകയായ 300000/-രൂപ) ഇലക്ട്രോടെക്ക് ഇൻഡസ്ട്രീസ്, മരട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയത്. പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെചേർക്കുന്നു.

1.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി).നം. 259/2010/ത.സ്വ.ഭ.വ തിയ്യതി.08.11.2010) പ്രകാരമാണ് സാധനങ്ങൾ വാങ്ങേണ്ടത്. 100000/- രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് പത്ര പരസ്യം നൽകേണ്ടതുണ്ട്. എന്നാൽ ടി പദ്ധതി സംബന്ധിച്ച് പരസ്യം നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചത് 30.102020 -ലെ മെട്രോ വാർത്ത എന്ന പത്രത്തിലെ 3-ാം പേജിലെ ടെണ്ടർ പരസ്യമാണ്. പ്രസ്തുത പരസ്യത്തിൽ നഗരസഭയുടെ സ്കൂളുകളികളിലേയ്ക്ക് വിവിധ പദ്ധതികൾക്ക് തുകകൾ വകയിരുത്തിയതായും ആയവയ്ക്ക് ടെണ്ടറുകൾ ക്ഷണിക്കുന്നതായുമായാണ് രേഖപ്പെടുത്തിയത്. ഇതിൽ ഏതിനം പ്രവർത്തി/ സാധനങ്ങൾക്കെന്നപോലും വ്യക്തമല്ല. വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭ്യമാകുമെന്നാണ് പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സുതാര്യമായ ടെൻഡർ പരസ്യമല്ല. കൂടാതെ മേൽ ഉത്തരവ് പ്രകാരമുള്ള നിരവധി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

2.സർക്കാർ നിയമപ്രകാരമുള്ള നിശ്ചിത ടെൻഡർ ഫോറത്തിലല്ല നിരക്ക് ക്വോട്ട് ചെയ്ത് സമർപ്പിച്ചിട്ടുള്ളത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ടൈപ്പ് ചെയ്തുവച്ച ടെണ്ടർ നോട്ടീസിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാ-എണ്ണം, ഇനം, തരം തുടങ്ങിയവ.

3.ടെണ്ടറിൽ പങ്കെടുത്ത ആരും തന്നെ ഇനം തിരിച്ചുള്ള നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. (മൊത്തം ചെലവാണ് ക്വോട്ട് ചെയ്തിട്ടുള്ളത്)

4.സ്റ്റീൽ കോട്ട് ചെയ്ത മരത്തിലുള്ള ഡസ്ക് , ബഞ്ച് വിതരണം ചെയ്യുന്നതിനാണ് 3 പേരും നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത്. എന്നാൽ സപ്ലൈ ചെയ്ത സ്ഥാപനം സ്റ്റീലുകൊണ്ട് മാത്രം നിർമ്മിച്ച 12 ഡസ്കും ബഞ്ചും 8 വുഡൻ ഡസ്ക്, ബഞ്ചുമാണ് ആണ് നൽകിയത്.

5.തെരഞ്ഞെടുത്ത സപ്ലൈയർക്ക് സപ്ലൈ ഓർഡർ നൽകിയതിന്റെയോ കരാർ ചമച്ചതിന്റെയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

7. 19.7.22 ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വുഡൻ ഡസ്ക് , ബഞ്ച് ഫർണിച്ചർ എന്നിവ കാണാൻ സാധിച്ചില്ല. സ്കൂളിൽ പഴയവ ഉൾപ്പെടെ ഫർണിച്ചർ ഇടാൻ ആവശ്യമായ സ്ഥലസൗകര്യം ഇല്ലായെന്നും, ഓഡിറ്റ് വർഷത്തെ വുഡൻ ഡസ്ക് , ബഞ്ച് ലഭ്യമായിട്ടുണ്ടെന്നും ഇവ മറ്റുള്ളവയിൽ നിന്നും വേർതിരിച്ച് പിന്നീട് കാണിക്കാമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും നമ്പർ ചെയ്ത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ തൻവർഷം ലഭിച്ചവയുടെ കൃത്യത പരിശോധിക്കാനും സാദ്ധ്യമല്ല. മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/20.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ വാങ്ങൽ നടപടികളിൽ കൂടുതൽ പ്രചാരമുള്ള ഒന്നിലധികം ദിനപത്രങ്ങളിൽ പദ്ധതിയുടെ പ്രവൃത്തി സംബന്ധിച്ച് വായനക്കാരന് സൂചന നല്കുന്ന വിധത്തിൽ പരസ്യം പ്രസിദ്ധപ്പെടുത്തേണ്ടതും കൂടുതൽ വിതരണക്കാർക്ക് നേരിട്ടോ അല്ലാതെയോ ക്വട്ടേഷൻ/ടെണ്ടർ വിവരങ്ങൾ അറിയിച്ച് കൂടുതൽ പേരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള കുറഞ്ഞ നിരക്ക് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കാമായിരുന്നു. ഭാവിയിൽ ടെണ്ടർ നടപടികൾ വഴി വാങ്ങുന്ന സാധനങ്ങൾക്ക് മേൽപറഞ്ഞ സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ഇടപെടലിനായി പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-44 പ്രൊക്യൂർമെന്റ് കമ്മറ്റി പ്രവർത്തനം നടക്കാത്തത് സംബന്ധിച്ച്.

തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ് (പി)259/2010/ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് പദ്ധതി (പ്രൊക്യൂർമെന്റ് പ്ലാൻ) തയ്യാറാക്കുകയും വേണം. ടെക്നിക്കൽ ടീം (വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രാഥമിക കാര്യങ്ങൾ തീരുമാനിക്കേണ്ടത്. ഇവ കൃത്യമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യൂർമെന്റ് ടീം ആണ്. മുനിസിപ്പാലിറ്റിയിലെ വാങ്ങലുകൾക്കായി പ്രൊക്യൂർമെന്റ് കമ്മിറ്റി നിലവിലുണ്ടെന്നും ഓഡിറ്റ് വർഷം കമ്മിറ്റി കൂടിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ഇല്ലായെന്ന് സെക്ഷൻ അറിയിച്ചു (രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല) പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഒരു പ്രൊക്യൂർമെന്റ് സൈക്കിളിലെ ആദ്യ ഘടകം ആവശ്യം തിരിച്ചറിയലും, സ്പെസിഫിക്കേഷൻ നിർണ്ണയിക്കലുമാണ്. ഒരേയിനം സാധനസാമഗ്രികൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർ വാങ്ങുന്ന സംഗതിയിൽ തദ്ദേശസ്ഥാപനത്തിന്റെ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടിയിരുന്നത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33.ii(c) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വെവ്വേറെ ടെണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി ഒറ്റ വാങ്ങൽ നടപടി നടത്തിയാൽ മതി. എന്നാൽ 2020-21കാലയളവിൽ പഞ്ചായത്തിൽ നടത്തിയ വാങ്ങലുകളിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഒരേ ഇനം സാധനങ്ങളാണ് വാങ്ങിയിരിക്കുന്നത്. ഉദാഹരണമായി, പ്രോജക്ട് നമ്പർ 165/21, 233/21, 193/21, 133/21,

596/21, 172/21, 317/21, 301/21 എന്നിവയിലൂടെ ഘടകസ്ഥാപനത്തിലേക്ക് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമാണ് വാങ്ങിയിട്ടുള്ളത്. ഇവയെല്ലാം പ്രത്യേകം വാങ്ങൽ നടപടി സ്വീകരിക്കുകയും, വിവിധ സ്ഥാപനങ്ങളിൽ നിന്നായി വാങ്ങുകയും ചെയ്തു. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഉദാഹരണമായി വ്യത്യസ്ത പദ്ധതികളിൽ വാങ്ങിയ ഫർണിച്ചറുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണദ്യോഗസ്ഥൻ/ പ്രോജക്ട് നം | വാങ്ങിയ ഫർണിച്ചർ | വാങ്ങിയ സ്ഥാപനം | വില |
|---|---|---|---|---|
| 1 | എച്ച്.എം ഗവ.എൽ. പി സ്കൂൾ. നം.165/21 | മരത്തിന്റെ ബഞ്ച്, ഡെസ്ക്. 180x30x45 Cm; 180x42.5x75cm | ഇലക്ട്രോ ടെക്ക് ഇൻഡസ്ട്രീസ് | 12980/- ജി.എസ്.ടി. ഉൾപ്പെടെ |
| 2 | എച്ച്.എം ഗവഹയർസെക്കന്ററിസ്കൂൾ, മാങ്കായിൽ. നം 233/21 | -ടി- | സിഡ്ക്കോ, കടവന്ത്ര. | 9207/- ജി.എസ്.ടി. ഉൾപ്പെടെ |

മുകളിൽ വിവരിച്ച രീതിയിൽ പല പദ്ധതികളിലായി പർച്ചേസ് നടത്തിയപ്പോൾ ചിലതിൽ ടെണ്ടറും ചിലതിൽ ക്വട്ടേഷൻ നടപടിയുമാണ് നടത്തിയിട്ടുള്ളത്. ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങൽ പ്രക്രിയ വിഭജിച്ച് നടത്തുന്നതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മുകളിൽ വിവരിച്ച രണ്ടു പദ്ധതിയിലും വാങ്ങിയത് ഒരേ സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചറുകളാണ്. എന്നാൽ ഇവ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത നിരക്കിലാണ് വാങ്ങിയത്. വാങ്ങൽ ഒരൊറ്റ യൂണിറ്റായി നടത്താത്തത് മൂലം ബൾക്ക് പർച്ചേസിന്റെ ആനുകൂല്യം സ്ഥാപനത്തിന് ലഭിക്കാതെയും വരാം.

ചില പദ്ധതികളുടെ ടെൻഡർ നടപടികൾ സുതാര്യതയില്ല. ഉദാഹരണം :303/2021-21( സ്പിൽ ഓവർ) പദ്ധതി. ചൈൽഡ് ഫ്രണ്ട്ലി ക്ലാസ്റൂം ഫർണിച്ചർ. 3 ടെൻഡറുകൾക്ക് പണം അടച്ചു. എന്നാൽ സമർപ്പിച്ച ക്വട്ടേഷനുകളിൽ Speed Infoway,ഏരൂർ റോഡ്,തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിനാണ് കുറഞ്ഞ നിരക്ക് കാണിച്ച 4 ലക്ഷത്തിന് അനുമതി നൽകിയത്. ടാക്സ് ഇൻവോയിസിൽ 'Also Child Friendly Picture Drawing In Four Classes' എന്ന് കൂടി രേഖപ്പെടുത്തിയിട്ടുണ്ട്.( Inv.no-date.35/07.03.2020) ഇതേ സ്ഥാപനത്തിന് 302/20-21 -പദ്ധതിയിൽ ' Picture Drawing In Pre Primary Classrooms' എന്ന പദ്ധതിയിൽ 2 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് തുക നൽകിയിട്ടുണ്ട്. പ്രസ്തുത ഫയലിൽ Speedinfoway ക്ക് പദ്ധതി പ്രവൃത്തി നടത്തിയ വകയിൽ 577282, 577240ാം നമ്പർ ചെക്കുകൾ പ്രകാരം (തീയതി-31.03.2016) യഥാക്രമം 386500, 49500/- എന്നീ തുകകൾ നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന് സ്കൂൾ ചിത്രം വരക്കലുമായി ബന്ധപ്പെട്ട് മുൻ പരിചയമുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. നല്കുന്ന ടെൻഡർ പരസ്യത്തിൽ വ്യക്തമായ വിവരങ്ങൾ ചേർക്കുന്നുമില്ല. ഒരേ സ്ഥാപനം സ്ഥിരമായി പദ്ധതി ഏറ്റെടുക്കുന്നത് ഒഴിവാക്കി ജില്ലയിൽ പ്രചാരമുള്ള ഇതര പത്രങ്ങളിൽ (മെട്രോ വാർത്ത ഒഴികെ) പരസ്യം നൽകി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്നവരെ ലഭിക്കാനുള്ള ശ്രമം നഗരസഭയുടെ ഭാഗത്ത് നിന്ന് നടത്താവുന്നതാണ്. മേൽ പരാമർശങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 8/20.07.2022)

## 1-45 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നഗരസഭയുടെ പങ്ക്

മരട് നഗരസഭയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മോണിറ്ററിംഗ് കമ്മറ്റി, ഹെൽപ്പ് ഡെസ്ക് എന്നിവ രൂപീകരിച്ചിരുന്നു. കോവിഡ് ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്ത സന്നദ്ധ പ്രവർത്തകരുടെ സേവനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നഗരസഭ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ നഗരസഭ ആരംഭിച്ചിരുന്നില്ല. സർക്കാർ നിർദേശ പ്രകാരം, നഗരസഭ വക ഇ.കെ.നയനാർ ഹാളിൽ ഡി.സി.സി സജ്ജീകരിച്ചിരുന്നതും ഡോക്ടർ, നഴ്സ് എന്നിവരുടെ സേവനം ഒരുക്കിയിട്ടുള്ളതുമാണ്. മരട് നഗരസഭയിൽ ആരും പട്ടിണികിടക്കരുത് എന്ന ലക്ഷ്യത്തിൽ കുടുംബശ്രീയുമായി ചേർന്ന് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിരുന്നു. നഗരസഭയ്ക്കു ലഭിച്ച സംഭാവനകൾ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് പിഎൻബി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതായി സെക്രട്ടറി അറിയിച്ചു. ആവശ്യമായ പൾസ് ഓക്സിമീറ്ററുകൾ വാങ്ങിക്കുകയും കൌൺസിലർ മുഖേനയും ആശാവർക്കർമാർ മുഖേനയും ആവശ്യക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. മരട് നഗരസഭയിൽ നാളിതു വരെ 4984 ആളുകൾക്ക് കോവിഡ് ബാധിക്കുകയും 78 പേർ മരണപ്പെട്ടുകയും ചെയ്തിട്ടുണ്ട്.

## 1-46 ഇൻസിനറേറ്റർ സ്ഥാപിക്കൽ- സർക്കാരിൽ നിന്നും മുൻകൂർ അംഗീകാരം വാങ്ങിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മരട് ഗവ. ആയുർവേദ വിഷവൈദ്യ ഡിസ്പെൻസറിയിലേക്ക് ഇൻസിനറേറ്റർ വാങ്ങലും സ്ഥാപിക്കലും. |

| | |
|---|---|
| പ്രോജക്ട് നമ്പർ | 05/20-21 |
| അടങ്കൽ | 40000/- |
| ചെലവ് | 40000/- |
| ബിൽ നം./തീയതി | 20110100000011267/11.09.2020 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

മേൽ പദ്ധതി പ്രകാരം ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് ഇൻസിനറേറ്റർ ക്വട്ടേഷൻ മുഖേന വാങ്ങിയിട്ടുണ്ട്. സി. എ. അസോസിയേറ്റ്സ്, ആലുവ എന്ന സ്ഥാപനത്തിൽ നിന്നമാണ് ഇൻസിനറേറ്റർ വാങ്ങിയിരിക്കുന്നത്. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2014ലെ 71875/DC1/2014 നമ്പർ സർക്കുലർ പ്രകാരം ശുചിത്വമിഷൻ/മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയും ശുപാർശയും ശേഷവും സർക്കാരിൽ നിന്നുള്ള മുൻകൂർ അംഗീകാരം വാങ്ങിയ ശേഷവുമാണ് തദ്ദേശസ്ഥാപനങ്ങൾ ഇത്തരം മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത്. സൂചിത സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ ഇൻസിനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/17.07.2022) മറുപടി ലഭ്യമാക്കിയില്ല. ഇൻസിനറേറ്ററിന്റെ മെയിന്റനൻസ്, വാരണ്ടി സംബന്ധമായ കാര്യങ്ങൾക്ക് മേൽ സ്ഥാപനവുമായി കരാർ ഉടമ്പടി ഉണ്ടോ എന്നും നിലവിൽ മെയിന്റനൻസ് എങ്ങിനെയാണ് തുടർന്നുപോരുന്നത് എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി സർക്കാരിൽ നിന്നുള്ള അംഗീകാരം വാങ്ങി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 40000/- രൂപ തടസ്സപ്പെടുത്തുന്നു.

1-47 വാർഡ് സഭകളുടെ നടത്തിപ്പ് – അപാകതകൾ

1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 42.എ.3 പ്രകാരം വാർഡ് സഭകൾ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് വാർഡ് സഭകൾ കൂടിയിട്ടുള്ളത്. മുൻവർഷത്തെ വികസനപരിപാടികളും നടപ്പുവർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നവയും അതിനു വേണ്ടിവരുന്ന ചെലവും ഓരോ വർഷത്തെയും ആദ്യ വാർഡ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. മുൻവർഷത്തെ ഭരണനിർവ്വഹണ റിപ്പോർട്ടും സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, നഗരസഭയെ അറിയിക്കുകയും ചെയ്യേണ്ടതാണ്. മുൻയോഗത്തിലെ ഏതെങ്കിലും തീരുമാനങ്ങൾ നടപ്പാകാതെയുണ്ടെങ്കിൽ ആയതിന്റെ കാരണവും സഭയെ അറിയിക്കേണ്ടതാണ്. നല്ല രീതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കി വാർഡ് സഭകൾ കൃത്യസമയത്ത് സംഘടിപ്പിക്കുന്നുവെന്നും അവ തങ്ങളിലർപ്പിതമായിരിക്കുന്ന ചുമതലകൾ ഭംഗിയായി നിറവേറ്റുന്നുവെന്നും അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പാഠനോപകരണങ്ങൾ- നഗരസഭ കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി ഉയർന്ന വിലയ്ക്ക് വാങ്ങൽ നടത്തി.

പ്രോജക്ട്നം-243/2021

നിർവ്വഹണം - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്രനിർമ്മാർജ്ജന സെൽ

അടങ്കൽ- 500000/- (S.C.P)

ചെലവ്-342205/- (ബിൽ നം-46/2020-21-Rs.342205 /-Dtd 17/03/2021 )

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്ന പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിനായി 2020-21 ൽ 3,42,205 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി 5,00,000 രൂപ അടങ്കൽ പ്രകാരം പഠനോപകരണങ്ങൾക്കു ള്ള നിരക്ക് രേഖപ്പെടുത്തുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത് (നോട്ടീസ് നമ്പർ E3-12117/19 Dtd 22.09.2020). ടെണ്ടറിൽ 4 സ്ഥാപനങ്ങളാണ് പങ്കെടുത്തത്. പദ്ധതിക്ക് ആവശ്യമായ പഠനോപകരണങ്ങൾക്കുള്ള (മേശയും കസേരയും) കൃത്യമായ സ്പെസിഫിക്കേഷൻ

നഗരസഭ നൽകിയിട്ടില്ലാത്തതിനാൽ എല്ലാ ടെണ്ടറുകളിലും വ്യത്യസ്തമായ മോഡൽ ഉത്പന്നങ്ങളുടെ വില സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിരുന്നു. കീർത്തി മാർക്കറ്റിംഗ്, കാലടി എന്ന സ്ഥാപനം നൽകിയ സ്റ്റീൽ ടേബിളിന് 2447/-രൂപ, സ്റ്റീൽ ആംചെയർ 1398/-രൂപ നിരക്കിലുള്ള പഠനോപകരണങ്ങളാണ് പദ്ധതിക്കായി വാങ്ങിയത്. എന്നാൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ പങ്കെടുത്ത 4 സ്ഥാപനങ്ങളും 2 മോഡലുകളുടെ വീതം നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ടേബിളിന് ക്വാട്ട് ചെയ്ത നിരക്ക് | ചെയറിന് ക്വാട്ട് ചെയ്ത നിരക്ക് | ആകെ |
|---|---|---|---|---|
| 1 | കീർത്തി മാർക്കറ്റിംഗ്,കാലടി | Rs.1997/- | Rs.997/- | Rs.2,994/- |
| | | Rs.2447/- | Rs.1398/- | Rs.3845/- |
| 2 | കെ.പി.എം എന്റർപ്രൈസസ്, പാലക്കാട് | Rs.2480/- | Rs.1290/- | Rs.3,770/- |
| | | Rs.2380/- | Rs.890/- | Rs.3,270/- |
| 3 | ഫിറ്റ് വെൽ ,തൃശ്ശൂർ | Rs.2222/- | Rs.1145/- | Rs.3,367/- |
| | | Rs.2222/- | Rs.945/- | Rs.3,167/- |
| 4 | ഇംപാക്റ്റ് എന്റർപ്രൈസസ്, മലപ്പുറം | Rs.2650/- | Rs.2000/- | Rs.4,650/- |
| | | Rs.2650/- | Rs.1000/- | Rs.3650/- |

എല്ലാ സ്ഥാപനങ്ങളും 2 മോഡലുകളുടെ വീതം നിരക്ക് ക്വാട്ട് ചെയ്തിരുന്നുവെങ്കിലും നോട്ട് ഫയലിലും നഗരസഭ കൗൺസിലേക്കുള്ള അജണ്ട നോട്ടിലും ഈ സ്ഥാപനങ്ങൾ നൽകിയ ഒരു മോഡലിന്റെ വില മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. മറ്റ് മോഡലുകളുടെ വില നോട്ട് ഫയലിലും നഗരസഭ കൗൺസിലിലേയ്ക്കുള്ള അജണ്ട നോട്ടിലും ശുപാർശ ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കിയിട്ടില്ല. കൗൺസിൽ തീരുമാനത്തിനായി ശുപാർശ ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ടേബിളിന് ക്വാട്ട് ചെയ്ത നിരക്ക് | ചെയറിന് ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|---|
| 1 | കീർത്തി മാർക്കറ്റിംഗ് , കാലടി | Rs.1997/- | Rs.997/- |
| 2 | കെ.പി.എം എന്റർപ്രൈസസ്, പാലക്കാട് | Rs.2480/- | Rs.1290/- |
| 3 | ഫിറ്റ് വെൽ ,തൃശ്ശൂർ | Rs.2222/- | Rs.895/- |
| 4 | ഇംപാക്റ്റ് എന്റർപ്രൈസസ്, മലപ്പുറം | Rs.2650/- | Rs.2000/- |

ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (ടേബിളിന് 1997/-രൂപ, ചെയറിന് 997/- രൂപ) കീർത്തി മാർക്കറ്റിംഗ്, കാലടി എന്ന സ്ഥാപനം നൽകിയ ടെണ്ടർ കുറഞ്ഞ നിരക്ക് സഹിതം അംഗീകരിച്ച് നഗരസഭ കൗൺസിൽ തീരുമാനമെടുത്തു. ( തീരുമാന നമ്പർ -18 തിയതി 23/10/2020). 28/01/2021 SO -243/21 നമ്പർ കത്ത് പ്രകാരം കീർത്തി മാർക്കറ്റിംഗ്, കാലടിക്ക് 89 സ്റ്റീൽ ടേബിൾ, ചെയർ എന്നിവക്കായി സപ്ലൈ ഓർഡർ നൽകുകയും 11/02/2021, 20/02/2021, 22/02/2021 തീയതികളിലായി യഥാക്രമം സി-241, 259, 260 നമ്പർ ഇൻവോയ്സുകളിലായി ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ കൗൺസിലിന്റെ 23/10/2020 ലെ 18 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച (ടേബിളിന് 1997/-രൂപ, ചെയറിന് 997/- രൂപ) എന്ന നിരക്കിനു പകരം നോട്ട് ഫയലിലും നഗരസഭ കൗൺസിലേക്കുള്ള അജണ്ട നോട്ടിലും ശുപാർശ ചെയ്യാതിരുന്ന കീർത്തി മാർക്കറ്റിംഗിന്റെ ടേബിളിന് 2447/-രൂപ, ചെയറിന് 1398/- രൂപ എന്ന ഉയർന്ന വിലക്കുള്ള ഉത്പന്നങ്ങളാണ് വാങ്ങി വിതരണം നടത്തിയത്. ഇത് ഈ പദ്ധതിക്ക് ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും ഉയർന്ന രണ്ടാമത്തെ നിരക്കായിരുന്നു. പദ്ധതിക്കായി വാങ്ങിയതിലും കുറഞ്ഞ നിരക്കുകൾ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ അവ ഒഴിവാക്കി സ്ഥാപനം രേഖപ്പെടുത്തിയിരുന്ന ഏറ്റവും ഉയർന്ന നിരക്കിൽ കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 18 Dtd 19/07/2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭ കൗൺസിൽ തീരുമാനപ്രകാരമല്ലാത്ത വാങ്ങൽ നടത്തിയത് വഴി ഒരു കുട്ടിക്കുള്ള പഠനോപകരണങ്ങൾക്ക് 851 രൂപ ( Rs.3845- Rs.2994 ) നിരക്കിൽ 89 കുട്ടികൾക്കായി 75,739 രൂപ അധികം ചെലവഴിച്ചു. ക്രമപ്രകാരമല്ലാതെ ചെലവഴിച്ച ഈ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് സർക്കാർ ഉത്തരവിനു വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങി.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 596/20-21, മരട് ഗവ.ആയുർവേദവിഷവൈദ്യ ഡിസ്പെൻസറി കമ്പ്യൂട്ടർ വൽക്കരണവും മറ്റ് അനുബന്ധചെലവുകളും. |
| അടങ്കൽ | 3,00,000/- |
| ചെലവ് | 2,68,113/- |
| ബിൽ നമ്പർ, തീയതി, തുക | 1)201101000000024392, 24.02.2021 (192500/-)<br>2)201101000000024618, 25.02.2021(6400/-)<br>3)201101000000025552, 04.03.2021 (47500/-)<br>4)201101000000025700, 06.03.2021 (15000/-)<br>5)201101000000026652, 17.03.2021 (6713/-) |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദഡിസ്പെൻസറി. |

ജി.ഒ (പി) നം.10/2019/എസ്.പി.ഡി,തീയതി-22.08.2019 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണ്. സർക്കുലർ നമ്പർ ഐടി സെൽ-1/26/2019 വി.സ.വ തീയതി 18.03.2019 പ്രകാരം Www.cprcs.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ ഫോട്ടോകോപ്പിയറുകൾ മുതലായവ വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല. CPRCS ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യത ആയിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പദ്ധതിയിൽ 1,92,500/- രൂപ ചെലവഴിച്ച് ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, ഒരു ലാപ്ടോപ്പ് , ഒരു മോണിട്ടർ, മൂന്ന് പ്രിന്ററുകൾ, ഒരു യു.പി.എസ്. പ്രിന്റർ റിബൺ ( 30) പ്രിന്റർ ലേബൽ (30) എന്നിവ വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം. B2CS/017/20-21 Dtd. 12.02.2021.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വാങ്ങൽ സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

നിർവഹണ ഉദ്യോഗസ്ഥയ്ക്ക് കെൽട്രോണിൽ നിന്നു ലഭിച്ച 24.08.2020 ലെ ഇ-മെയിൽ പ്രകാരം ഓർഡർ സ്വീകരിക്കുന്നതിന് കുറഞ്ഞത് ഒരു മാസം കാലതാമസം ഉണ്ടെന്നും റേറ്റ് കോൺട്രാക് ലിസ്റ്റിനു പുറമേ ഉള്ള റിക്വയർമെന്റ്സിന് " New Requirement Suggestion " എന്ന Cprcs പോർട്ടലിൽ ഓർഡർ ചെയ്യാമെന്നും പറയുന്നു. എന്നാൽ ഇതു പരിഗണിക്കാതെ പൊതു മാർക്കറ്റിൽ നിന്നും മേൽ ഉപകരണങ്ങൾ ടെൻഡർ മുഖേന ABC Systems എറണാകുളം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയാണുണ്ടായത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.09.2020 ലെ ഡിഎ1/153/2020 നമ്പർ സർക്കുലർ മുഖേന ലാപ്ടോപ്പുകൾ ലഭ്യമാകുന്നതിന് ഒരു മാസത്തിലധികം കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ ലാപ്ടോപ്പുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ മാത്രമാണ് ടെൻഡർ / ഇ-ടെൻഡർ മുഖേന വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ആവശ്യമായ ലാപ്ടോപ്പ് Cprcs പോർട്ടലിൽ നിന്ന് തന്നെ വാങ്ങണമെന്ന് ഈ സർക്കുലറിൽ വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ 20.11.2020 ലെ സി- 56/2020 നമ്പർ കത്ത് പ്രകാരം നിർവഹണ ഉദ്യോഗസ്ഥ ക്വട്ടേഷൻ ക്ഷണിക്കുകയാണുണ്ടായത്.

ഉപകരണങ്ങൾ ടെൻഡർ മുഖേന വാങ്ങിയ സമയത്ത് Cprcs ൽ പ്രസിദ്ധീകരിച്ച മിഡ് ലെവൽ സ്പെസിഫിക്കേഷനിലുള്ള ( I3, 4GB Win 10 Home) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വില പ്രളയ സെസ് , GST എന്നിവ ഉൾപ്പെടെ 33,154/- രൂപയാണ്. എന്നാൽ ടെൻഡർ മുഖേന 37,000/- രൂപ നിരക്കിലാണ് കമ്പ്യൂട്ടർ വാങ്ങിയത്. (വ്യത്യാസം 3,846/- രൂപ)

മിഡ് ലെവൽ സ്പെസിഫിക്കേഷനിലുള്ള ( 3 , 4GB Win 10 Home) ലാപ്ടോപ്പ് കമ്പ്യൂട്ടറിന്റെ വില പ്രളയ സെസ് , GST എന്നിവ ഉൾപ്പെടെ 27,722/- രൂപയാണ്. എന്നാൽ ടെൻഡർ മുഖേന 38,500/- രൂപ നിരക്കിലാണ് കമ്പ്യൂട്ടർ വാങ്ങിയത്. (വ്യത്യാസം 10778/- രൂപ )

മൾട്ടി ഫങ്ഷൻ പ്രിന്റർ 14851/-, ലേസർ പ്രിന്റർ 10176/- എന്നീ നിരക്കുകളിൽ പോർട്ടലിൽ ലഭ്യമായിരിക്കെ 18500/-, 15000/- നിരക്കുകളിലാണ് വാങ്ങിയിരിക്കുന്നത്. (വ്യത്യാസം 3649, 9648 ( 4824x2))

ആയുർവേദ ഡിസ്പെൻസറിയുടെ കമ്പ്യൂട്ടർവത്ക്കരണം എന്ന നിലയിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നിലവിൽ ഇവിടെ എത്ര കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നുണ്ട് എന്ന വിവരം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. മോണിറ്റർ പ്രത്യേകം വാങ്ങിയിട്ടുള്ളതിനാൽ മറ്റ് കമ്പ്യൂട്ടറുകൾ ഉണ്ടെന്നുള്ളത് വ്യക്തമാണ്. ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറിന് പുറമേ ലാപ്പ്ടോപ്പ് വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/17.07.2022) മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ സർക്കാർ ഉത്തരവിനും സർക്കുലറുകൾക്കും വിരുദ്ധമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്. Cprcs ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യത ആയിരിക്കുമെന്ന്

സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ അധികമായി ചെലവഴിച്ച തുകകൾ 27,921/- (3,846 + 10778 +3649+9648) നിരാകരിക്കുന്നു. നിലവിൽ ഡിസ്പെൻസറിയിൽ എത്ര കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നുണ്ട് എന്ന വിവരം നൽകേണ്ടതും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക്നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈയിൻ വലിക്കൽ | 75/ 29.03.21 | 18484 | 0 | 18484 |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് മാറ്റിസ്ഥാപിക്കൽ | 04/ 14.08.20 | 81000 | 0 | 81000 |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ദീർഘിപ്പിക്കൽ | 65/ 19.11.20 | 291000 | 0 | 291000 |

ഡെപ്പോസിറ്റ് വർക്കുകൾക്ക്നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8640000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ | ജി.ഒ(ആർ.ടി നം105/2/ഫിൻ /തി.01.08.2019 ജി.ഒ(ആർ.ടി)നം 10500/201 /ഫിൻ /തി.21.12.2019 | 8640000 | 11573332 | 0 | 0 | 20213332 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3401318 |
| തൻവർഷം നിക്ഷേപിച്ച തുക | 251834(പലിശ) |
| ആകെ | 3653152 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3653152 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2000-01 | IV7(62) | -- | ലഭ്യമാക്കിയിട്ടില്ല |
| 1998-99 | 28 | 2004-05 | III 7(1) | -- | ലഭ്യമാക്കിയിട്ടില്ല |

## 4-9 ചാർജ്ജ് സർച്ചാർജ്ജുകളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 322213544 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 266876148 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 103660 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5178942 |

(ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 75,739 | ശ്രീമതി അഖില എസ് ശങ്കർ<br>പ്രോജക്ട് ഓഫീസർ |
| 3-2 | | 27,921 | ഡോ.ഹീര സാബു,<br>മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | | 103660 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-15 | 2491200 | ഡോ.ബാലുഭാസി<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി വളന്തക്കാട് | ഉഷസ്<br>പാഴൂർ പി ഒ<br>പിറവം |
| 1-25-1 | 549013 | ഡോ.രാജേശ്വരി.സി.എൽ<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | ശങ്കരം,സി എം സി-9,<br>ചേർത്തല പി ഒ |
| 1-25-2 | 31186 | ഡോ.ബാലുഭാസി<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി വളന്തക്കാട് | ഉഷസ്<br>പാഴൂർ പി ഒ<br>പിറവം |
| 1-25-3 | 226273 | ഡോ.ബാലുഭാസി<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി വളന്തക്കാട് | ഉഷസ്<br>പാഴൂർ പി ഒ<br>പിറവം |
| 1-25-4 | 34131 | ഡോ.ബാലുഭാസി<br>മെഡിക്കൽ ഓഫീസർ, | ഉഷസ്<br>പാഴൂർ പി ഒ |

| | | | |
|---|---|---|---|
| | | പി.എച്ച്.സി വളന്തക്കാട് | പിറവം |
| 1-25-5 | 353782 | ഡോ.ജീന<br>മെഡിക്കൽ ഓഫീസർ.<br>പി.എച്ച്.സി നെട്ടൂർ | സമർപ്പണം<br>29/92 ജനത<br>വൈറ്റില |
| 1-25-6 | 259557 | ഡോ.ജീന<br>മെഡിക്കൽ ഓഫീസർ.<br>പി.എച്ച്.സി നെട്ടൂർ | സമർപ്പണം<br>29/92 ജനത<br>വൈറ്റില |
| 1-28 | 1,48,800 | ശ്രീമതി അഖില എസ് ശങ്കർ,<br>പ്രോജക്ട് ഓഫീസർ | പുത്തൻപുരയ്ക്കൽ ഹൌസ്,<br>നെട്ടൂർ പി ഒ,<br>എറണാകുളം |
| 1-30 | 45,000 | ശ്രീമതി അഖില എസ് ശങ്കർ,<br>പ്രോജക്ട് ഓഫീസർ | പുത്തൻപുരയ്ക്കൽ ഹൌസ്,<br>നെട്ടൂർ പി ഒ,<br>എറണാകുളം |
| 1-35 | 10,00,000 | ശ്രീമതി ശാന്തിനി എൻ.പി<br>ഐസിഡിഎസ് സൂപ്പർവൈസർ | നല്ലപറമ്പത്ത്<br>സാൻ വില്ല,<br>പള്ളുരുത്തി<br>എറണാകുളം |
| 1-46 | 40,000 | ഡോ.ഹീര സാബു,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | മുതിരപ്പറമ്പൽ ഹൌസ്,<br>തിരുവാംകുളം പി ഒ, എറണാകുളം |
| ആകെ | 5178942 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ.ഹീര സാബു<br>മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം)<br>മരട് നഗരസഭ | മുതിരപ്പറമ്പൽ ഹൌസ്,<br>തിരുവാംകുളം പി ഒ,<br>എറണാകുളം |
| 2 | ശ്രീമതി അഖില എസ് ശങ്കർ<br>പ്രോജക്ട് ഓഫീസർ | പ്രോജക്ട് ഓഫീസർ<br>മരട് നഗരസഭ | പുത്തൻപുരയ്ക്കൽ ഹൌസ്,<br>നെട്ടൂർ പി ഒ,<br>എറണാകുളം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ഇ.(പി.4)1468/26.10.1995 |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1986-87 | |
| 1987-88 | |
| 1988-89 | |
| 1990-91 | |
| 1991-92 & 1992-93 | എൽ.എഫ്.ഇ.(പി.4)1025/94/9.2.1996 |
| 1993-94 | എൽ.എഫ്.ഇ.(പി.3)556/96/ 17.5.1998/7.1.99 |
| 1996-97 | എൽ.എഫ്.ഇ.(പി.3)160/96 /17.5.98/7.1.99 |
| 1997-98 | എൽ.എഫ്.ഇ.(പി.4)691/2000/ 18.10.2000 |

| | |
|---|---|
| 1998-99 | എൽ.എഫ്.ഇ.(പി.6)1010/05/21.7.06 /7.10.06 |
| 1999-2000 | എൽ.എഫ്.ഇ.(പി.6)1011/05/21.7.06/ 7.10.06 |
| 2000-01 | എൽ.എഫ്.ഇ.(പി.6)1005/05/22.7.2006 |
| 2001-02 | എൽ.എഫ്.ഇ.(പി.7)1818/06/ 3.11.07/15.1.08 |
| 2002-03 | എൽ.എഫ്.ഇ.(പി.7)1819/06/ 3.11.07/31.1.08 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1820/06/ 3.11.07/15.1.08 |
| 2004-05 | എൽ.എഫ്.ഇ.(പി.8)785/09/ 9.3.10/11.6.10 |
| 2005-06 | എൽ.എഫ്.ഇ.(പി.8)786/09 /9.3.10/11.6.10 |
| 2006-07 | എൽ.എഫ്.ഇ.(പി.8)1342/09/ 9.3.10/11.06.10 |
| 2007-08 | എൽ.എഫ്.ഇ.(പി.8)140/10/ 6.11.10/4.1.11 |
| 2008-09 | എൽ.എഫ്.ഇ.(പി.8)141/10/6.11.10/7.3.11 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1860/10/ 2.5.11/4.8.11 |
| 2010-11 | എൽ.എഫ്.ഇ.(എം.1)1863/12/ 20.6.12/11.7.12 |
| 2011-12 | എൽ.എഫ്.ഇ.(എം.1)1100/14/ 13.1.15/17.1.15 |
| 2012-13 | എൽ.എഫ്.ഇ.(എം.1)883/15 / 14.07.2015 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016 / 20.07.2016 |
| 2015-16 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 164/ 17 / 8.2.17 |
| 2016-17 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 1758/ 17 / 19.09.17 |
| 2017-18 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 307/ 19 / 23.03.19 |
| 2018-19 | കെ.എസ്.എ.- ഇ.കെ.എം.(എം.1)1968/19/6.3.19 |
| 2019-20 | കെ.എസ്.എ.- ഇ.കെ.എം.(എം.1)316/22 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്